KERMAL / 2007 / 20808
Registered
KL/TCR/30/2007-2009

## പുതിയ പുസ്തകപ്രകാശനം




### *എസെൻഷ്യൽ കോൺസെപ്റ്റ്സ് ഇൻ ഭഗവദ്ഗീത വോള്യം 3*

ഭഗവദ്ഗീതയിലെ അഞ്ചും ആറും അധ്യായങ്ങളിലുള്ള ആശയങ്ങളെപ്പറ്റിയാണ് പ്രധാനമായും ഈ വോള്യത്തിൽ വിവരിയ്ക്കുന്നത്. ഈ ചർച്ചകളിലൂടെ കൃഷ്ണന്റെ ജ്ഞാനകർമയോഗസമന്വയം ആത്യന്തികസൗഖ്യത്തിലേയ്ക്കു നയിയ്ക്കുന്നതെങ്ങനെയെന്നു പൂജ്യസ്വാമിജി വിശദീകരിയ്ക്കുന്നു. ശരിയായ സംന്യാസം ആന്തരനേട്ടവും, മനസ്സിന്റേയും ബുദ്ധിയുടേയും സ്വാതന്ത്ര്യവുമാണ്. യോഗദൃഷ്ടിയോടെയുള്ള കർമാനുഷ്ഠാനം സംന്യാസത്തിന്റെ സംതൃപ്തിയും ഔത്കൃഷ്ട്യവും പ്രദാനംചെയ്യുന്നുവെന്നും പൂജ്യസ്വാമിജി ചൂണ്ടിക്കാട്ടുന്നു.

* * *

### *ഡ്രോപ്സ് ഓഫ് നെക്ടർ*

2008ൽ വടക്കാഞ്ചേരി നൈമിഷാരണ്യത്തിൽ നടന്ന ശ്രീമദ്ഭാഗവതതത്ത്വസമീക്ഷാസത്രത്തിൽ ശ്രീമദ്ഭാഗവതത്തെ ആധാരമാക്കി പൂജ്യസ്വാമിജി നടത്തിയ തത്ത്വപ്രവചനത്തിൽനിന്നു ചില ഭാഗങ്ങൾ. അവതാരികയിൽ സ്വാമിജി ഇങ്ങനെ പറയുന്നു: “ശുദ്ധഗതിക്കാരായ ഭക്തർ ഇത്തരം വിവരണങ്ങളിൽ താത്പര്യം കാണിയ്ക്കുമ്പോൾ, ബുദ്ധിശാലികൾ അവരുടെ താത്പര്യക്കുറവും ആലസ്യവുംമൂലം വിലപ്പെട്ട ഈ നിധി, പരിതാപകരമാംവിധം നഷ്ടപ്പെടുത്തുന്നു. നമ്മുടെ ബുദ്ധിജീവികളുടെ ഈ വിധിയിൽ ഞാൻ വളരെയധികം വേദനിയ്ക്കുന്നു. ഭാഗവതത്തിലെ തത്ത്വമൂല്യസിദ്ധാന്തങ്ങൾ നിത്യജീവിതത്തിൽ ഊടുംപാവുമാക്കാൻ, അനാവശ്യ ചായ്‌വുകളും മുൻവിധികളും ഒഴിവാക്കി, ഭാഗവതം അതിന്റെ തനതായ വെളിച്ചത്തിൽ വിവരിയ്ക്കണമെന്ന് എനിയ്ക്കു തോന്നി.”




പ്രസിദ്ധീകരണത്തിയതി : പ്രതിമാസം 21ന്

വാർഷികസംഖ്യ: 50ക.

# വിചാരസരണി

ब्रह्मवित् आप्नोति परम्

ജ്ഞാനംതന്നെ ജീവിതത്തിലെ അന്തിമനേട്ടം. സർവകർമങ്ങളും ജ്ഞാനത്താലേ സഫലതയണയൂ. ബുദ്ധി നിശ്ചലവും നിസ്സംശയവുമായി നിലകൊള്ളുന്നതാണ് യോഗസ്ഥിതി. തത്ത്വജ്ഞസന്നിധിയിലേ ജ്ഞാനസിദ്ധി കൈവരൂ. സന്ദേഹവും മോഹവും തീർത്തു ജിജ്ഞാസുവിനെ ഉയർത്തി പ്രബുദ്ധനാക്കാൻ ആത്മജ്ഞൻതന്നെവേണം. ജ്ഞാനം പകർന്നുകൊടുക്കാനുള്ള കഴിവും, ജിജ്ഞാസുക്കളോടുള്ള കനിവുമാണ് ജ്ഞാനികളുടെ ഈ ഉദാത്തദൗത്യത്തിന്റെ പിന്നിൽ. അനുഭവസിദ്ധനായ ഗുരുവിൽനിന്നുവേണം പരമസത്യം ഗ്രഹിയ്ക്കാൻ. അനന്തരം മനനംചെയ്ത് അഭ്യസിച്ചാലേ ശാസ്ത്രസന്ദേശം അതിന്റെ ആഴത്തിലും മുഴുമാനത്തിലും ജിജ്ഞാസുഹൃദയത്തിൽ തെളിഞ്ഞുദിയ്ക്കൂ.

**– സ്വാമിജി**

നവംബർ 2009 വോള്യം 3 ലക്കം 5

നാരായണാശ്രമതപോവനം

# വിചാരസരണി

നവംബർ 2009 | വോള്യം 3 ലക്കം 5

## വിഷയവിവരം

ഭഗവദ്ഗീതയിലെ അടിസ്ഥാനതത്ത്വങ്ങൾ – 17.23 ... 02
ആശ്രമലോകത്തെപ്പറ്റി ചില ചിത്രവീക്ഷണങ്ങൾ – 2 ... 12
എന്നുള്ളിലെ പട്ടവും ആകാശവിസ്തൃതിയും ... 21
ചെന്നൈ നാലാം വാർഷിക ജ്ഞാനയജ്ഞം ... 27
വാർത്തകളും കുറിപ്പുകളും ... 31

**ലോകേശ ചൈതന്യമയാദിദേവ**
**ശ്രീകാന്ത വിഷ്ണോ ഭവദാജ്ഞയൈവ**
**പ്രാതഃ സമുത്ഥായ തവ പ്രിയാർഥം**
**സംസാരയാത്രാമനുവർതയിഷ്യേ** (ശ്രുതം)

| വരിസംഖ്യ | വാർഷികം | 3 വർഷം | 6 വർഷം | 12 വർഷം |
|---|---|---|---|---|
| ഭാരതം | 50 രൂപ | 125 രൂപ | 250 രൂപ | 500 രൂപ |
| വിദേശം | 1000 രൂപ | — | 5000 രൂപ | 10000 രൂപ |

ഇതരജില്ലച്ചെക്കുകൾക്കു ബാങ്കുകമ്മീഷനായി 35 രൂപ.
വരിസംഖ്യ അയയ്ക്കുമ്പോൾ 'മലയാളം' എന്നുകൂടി ചേർക്കണം.
**വരിസംഖ്യ പുതുക്കാറായവർ പുതുക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിയ്ക്കണമെന്ന് ഓർമപ്പെടുത്തുന്നു.**

**നാരായണാശ്രമതപോവനം**
വെങ്ങിണിശ്ശേരി, പി.ഒ. പാറളം, തൃശ്ശൂർ, കേരളം – 680 575, ഇന്ത്യ.
ഫോൺ : (0487) 2278363 – 2278302
**email:** ashram1@gmail.com **Website**: http://www.brahmavidya.org

Printed at Sastha Printers, Venginissery, P. O. Paralam 680 575, Thrissur
by Swami Bhoomananda Tirtha and Published by him from
Narayanashrama Tapovanam, P. O. Paralam 680 575, Thrissur.
Owner & Editor : Swami Bhoomananda Tirtha



ഭഗവദ്ഗീതയിലെ അടിസ്ഥാനതത്ത്വങ്ങൾ – 17.23

## ജ്ഞാനസമ്പാദനത്തിൽ ഗുരുതന്നെ അവസാനവാക്ക്

**ശ്രേയാൻ ദ്രവ്യമയാദ്യജ്ഞാദ്-**
**ജ്ഞാനയജ്ഞഃ പരന്തപ**
**സർവം കർമാഖിലം പാർഥ**
**ജ്ഞാനേ പരിസമാപ്യതേ** (4.33)

ദ്രവ്യങ്ങൾ ഉപയോഗിച്ചുചെയ്യുന്ന യജ്ഞയാഗങ്ങളേക്കാൾ ശ്രേഷ്ഠമാണ് ജ്ഞാനയജ്ഞം. അല്ലേ പാർഥ, എല്ലാകർമങ്ങളും പരിസമാപിയ്ക്കുന്നതു ജ്ഞാനത്തിലാണ്.

ദൈവികവും വൈദികവുമായ കർമങ്ങളിൽ ജനങ്ങൾക്കു തോന്നുന്ന വിശ്വാസവും, അവയ്ക്കു വേദത്തിലെ കർമകാണ്ഡം വാഗ്ദത്തംചെയ്യുന്ന ഫലങ്ങളും എന്തുതന്നെയാകട്ടെ, മനുഷ്യവ്യക്തിത്വത്തെ ഉയർത്തി ഉദാത്തമാക്കാൻ അപര്യാപ്തമാണ് അവയൊക്കെ. ഈ വസ്തുത എല്ലാവരും നല്ലപോലെ അറിയണമെന്നാണ് കൃഷ്ണന്റെ ആവശ്യം. കാരണം, **എല്ലാ കർമങ്ങളിലും അടിസ്ഥാനപരമായും അന്തിമമായും നില്ക്കുന്നതു കർത്താവാണ്, അതായതു പ്രവർത്തകൻ. കർത്താവിനു ശുദ്ധിയും മേന്മയും ഉളവാകുമ്പോഴേ, എന്തു കർമവും പവിത്രമായി നന്മ അണയ്ക്കൂ.** എവിടെയാണ് അപ്പോൾ ഊന്നൽവേണ്ടതെന്ന് ആലോചിച്ചുനോക്കുക.

വിചാരങ്ങളേയും ഭാവങ്ങളേയും പ്രവൃത്തികളേയും പരിശോധിച്ചു തിരുത്താനുള്ള നേരിട്ടമാർഗമെന്തെന്നു പരിഗണിയ്ക്കുമ്പോൾ, ഉപനിഷത്തുകളും മറ്റു ജ്ഞാനഗ്രന്ഥങ്ങളും പഠിച്ചുമനസ്സിലാക്കുന്നതുതന്നെ ദൈവികകർമങ്ങളേക്കാൾ പ്രസക്തവും പ്രയോജനകരവുമെന്നു തെളിയുന്നു.

രണ്ടാമധ്യായത്തിൽ (42,44) വൈദികകർമങ്ങളെക്കുറിച്ചു കൃഷ്ണൻ നടത്തിയ വിലയിരുത്തൽ സുപ്രധാനമാണ്. കർമവിധികളിലുള്ള അമിതമായ ഇടപാട് **വ്യവസായത്മികാബുദ്ധി**, ഉറച്ചബുദ്ധി, ഉദിയ്ക്കുന്നതിനു തടസ്സമാണെന്ന് അവിടെ സ്പഷ്ടമാക്കീട്ടുണ്ട്, ഉറച്ചബുദ്ധിയാണ് കർമയോഗത്തിന്റെ കാതലായ ഭാഗം.

സാധകനെ സംബന്ധിച്ചിടത്തോളം, ലൗകികമോ ഗാർഹികമോ വൈദികമോ ആയ എല്ലാ കർമങ്ങൾക്കുമുള്ള ഒറ്റ നേട്ടം, തന്നെ പരമജ്ഞാനത്തിലേയ്ക്കു നയിയ്ക്കുക എന്നതാണ്, കാരണം, അതിൽനിന്നേ ഉൾമികവും ഉൾത്തൃപ്തിയും ഉണ്ടാകൂ. ജ്ഞാന

ത്തിനൊഴികെ ഒന്നിനും, ധനമോ ധന്യതയോ ആയി മനുഷ്യന്റെ കൂടെ നില്ക്കാനാവില്ല. ബന്ധുക്കൾ, ധനം, വസ്തുവകകൾ തുടങ്ങി എല്ലാ വിഭവങ്ങളും തന്നിൽനിന്നു വേറിട്ടുനില്ക്കുന്നവയാണല്ലോ. ഇതൊക്കെത്തന്നെ വെടിയാനും നഷ്ടപ്പെടാനുമുള്ളതത്രെ. ജ്ഞാനം മാത്രമാണ് പരമമായ ലക്ഷ്യവും നേട്ടവും. **ബ്രഹ്മവിദ് ആപ്നോതി പരം** എന്നല്ലേ ഉപനിഷത്തുകളുടെ അസന്ദിഗ്ധമായ പ്രഖ്യാപനം!

അധ്യാത്മജ്ഞാനം നേടുന്നതിനാൽമാത്രമാണ് ജീവിതത്തിന് അർഥവും ലക്ഷ്യവും കൈവരൂ എന്നു കൃഷ്ണൻ രണഭൂമിയിൽനിന്നുകൊണ്ട് പറയുന്നത് എത്ര അസാധാരണം, അദ്ഭുതാവഹം! ഈ ലക്ഷ്യമെവിടെ, അർജുനൻ ചെയ്യാനൊരുങ്ങുന്നതോ! കൃഷ്ണൻ പറയുന്ന ജ്ഞാനമെന്ത്? മനുഷ്യജീവിതത്തിൽ എന്തു ചുറ്റുപാടിലും സന്ദർഭത്തിലും പൂരണമോ തികഞ്ഞ അനുബന്ധമോ ആണോ ഈ ജ്ഞാനം?

**മനുഷ്യന്റെ ശ്രദ്ധയെ ഉള്ളിലേയ്ക്കു തിരിച്ച്, ദേഹത്തെ ഉജ്ജീവിപ്പിയ്ക്കുന്ന അനശ്വരവും ആനന്ദകരവുമായ ആത്മാവിലേയ്ക്കു നയിയ്ക്കുന്നതാണ് ജ്ഞാനത്തിന്റെ ലക്ഷ്യം**. ഈ പ്രക്രിയയും അനുധാവനവും വഴി ജിജ്ഞാസു തന്റെ ജീവിതത്തിനു വേണ്ടത്ര സ്വസ്ഥതയും സാഫല്യവും നേടുന്നു.

പ്രഥമശ്രവണത്തിൽ ഇത്തരം ഉള്ളിണക്കവും ഉൾത്തൃപ്തിയും ലോകജീവിതത്തിനു തികഞ്ഞ വൈരുധ്യമായിത്തോന്നാം. നിരന്തരമായ സമ്പർക്കത്തിലും, അതിന്റെ പരിണതഫലങ്ങളിലുമാണ് ജീവിതം നിലകൊള്ളുന്നതുതന്നെ. അപ്പോൾ ലോകസമ്പർക്കങ്ങൾ അർഥരഹിതമാണെന്നു വരുന്നതു ശരിയോ, ലോകസമ്പർക്കത്തിൽനിന്നു തെല്ലും രക്ഷപ്പെടാൻ ആവുമോ, നാം ജനിച്ചതെന്തിന്? എത്രയോ സംശയങ്ങൾ ഇങ്ങനെ പൊന്തിവരാം.

ഇത്തരം വൈരുധ്യങ്ങളെച്ചൊല്ലി ആവലാതിപ്പെടുകയേ വേണ്ട. വാസ്തവത്തിൽ ദീപ്തമനസ്സിന്റേയും ഗവേഷകബുദ്ധിയുടേയും ഊഷ്മളഹൃദയത്തിന്റേയും പിഴയ്ക്കാത്ത ലക്ഷണമാണ് വൈരുധ്യങ്ങൾ. ശരിയായ തത്ത്വജ്ഞാനം ഉദിയ്ക്കുമ്പോഴേ എല്ലാ സംശയങ്ങളും അസ്തമിയ്ക്കൂ.

### പ്രബുദ്ധഗുരു ജിജ്ഞാസുവിന്റെ അന്തിമാശ്രയം

**തദ്വിദ്ധി പ്രണിപാതേന**
**പരിപ്രശ്നേന സേവയാ**
**ഉപദേക്ഷ്യന്തി തേ ജ്ഞാനം**
**ജ്ഞാനിനസ്തത്ത്വദർശിനഃ** (4.34)

ആ പരമജ്ഞാനം ഗ്രഹിയ്ക്കാനായി സത്യാനുഭവമുള്ള ജ്ഞാനികളെ സമീപിയ്ക്കു, പ്രണമിയ്ക്കു, അവരിൽനിന്നു വിനയപൂർവം കാര്യങ്ങൾ അന്വേഷിയ്ക്കു, സർവശ്രദ്ധയോടുകൂടി അവർക്കു സേവനംചെയ്യൂ. ആ തത്ത്വവേത്താക്കൾ നിനക്കു പരമജ്ഞാനം ഉപദേശിയ്ക്കും.



മുൻശ്ലോകത്തിൽ സംശയത്തിന് ഇടംകൊടുക്കാത്തവിധം ജ്ഞാനത്തെ കൃഷ്ണൻ അത്യുന്നതതലത്തിൽ പ്രതിഷ്ഠിച്ചു. എല്ലാ പ്രവൃത്തികളും, ലൗകികമോ ദൈവികമോ ആകട്ടെ, പൂർത്തീകരണവും സാഫല്യവും വരിയ്ക്കുന്നത് അറിവിലാണെന്നു വ്യക്തമാക്കി. ഇത് ഒരു ലളിതപ്രസ്താവനയാണെന്നു തോന്നാം, പക്ഷേ അന്വേഷിയ്ക്കുന്ന മനസ്സിന് അങ്ങനെയല്ല.

കർമനിരതത്വത്തെ തള്ളിക്കളയാനോ, അതിൽനിന്നു രക്ഷപ്പെടാനോ ആർക്കും കഴിയില്ലെന്നു കൃഷ്ണൻ ഉറപ്പിച്ചുപറഞ്ഞു. പ്രകൃതിമണ്ഡലത്തിൽപ്പെട്ട ഒന്നിനുംതന്നെ നിഷ്ക്രിയമായി ഇരിയ്ക്കാനാവില്ല. വലിയ ഗ്രഹങ്ങളിൽനിന്നാരംഭിച്ച് അണുവരെയുള്ള വസ്തുക്കൾ സദാ ചലനാത്മകമാണ്. ചലനത്തെയാണ് പ്രവൃത്തിയെന്നു പറയുന്നതുതന്നെ.

പ്രകൃതിയുടേയും സൃഷ്ടിയുടേയും കാതലാണ് ചലനം, പ്രവൃത്തി. അതിനാലാണ് മറ്റനുഷ്ഠാനങ്ങളിൽനിന്നു തീരെ വ്യത്യസ്തമായ കർമയോഗത്തെ ശരിയായ അനുധാവനമായി കൃഷ്ണൻ അവതരിപ്പിച്ചത്. അതേകൃഷ്ണൻ ഇപ്പോൾ പറയുന്നു: “ജ്ഞാനം തന്നെയാണ് ജീവിതത്തിലെ അന്തിമനേട്ടം, എല്ലാ പ്രവൃത്തികളും മുഴുമപെറ്റു സഫലമാകുന്നതു ജ്ഞാനത്താൽമാത്രമാണ്.” ഈ പ്രസ്താവനകളെ എങ്ങനെ ഗ്രഹിയ്ക്കണം?

**രണ്ടാമധ്യായത്തിൽ (53) കൃഷ്ണൻ ചൂണ്ടിക്കാട്ടുകയുണ്ടായി, ബുദ്ധി നിശ്ചലവും നിസ്സംശയവുമായി നിലകൊള്ളുമ്പോഴത്രേ ശരിയായ യോഗസ്ഥിതി കൈവരുക.**

തേടുന്ന മനസ്സിനെ എങ്ങനെയായാലും സംശയങ്ങൾ പിടികൂടാതിരിക്കില്ല. മനസ്സിന്റെ ഒരു ഉന്നതാവസ്ഥയിലോ, ചുരുങ്ങിയ അഥവാ അല്പംനീണ്ട അവധിവരേയോ സംശയം ഇല്ലാതിരുന്നാൽ പോരാ. ആശയത്തെളിച്ചം സ്ഥിരമാകണം. അപ്പോഴേ ജ്ഞാനലബ്ധി സംഭവിയ്ക്കൂ. യുദ്ധത്തിനുവേണ്ടിയുള്ള പതിമൂന്നുകൊല്ലത്തെ തയ്യാറെടുപ്പിനുശേഷവും അർജുനനെ വ്യാമോഹവും സംശയങ്ങളും അവസാനനിമിഷം പിടികൂടിയല്ലോ, തെളിച്ചം തേടേണ്ടിയും വന്നു!

ഭാഗ്യവശാൽ ആ ദു:സ്ഥിതിയിൽ തക്ക ഉപദേശം നല്കാനായി കൃഷ്ണൻ അടുത്തുണ്ടായിരുന്നു. കൃഷ്ണന്റെ മൊഴികളിലുള്ള ശക്തിയും ആവേശവുംമൂലം മനസ്സ് തെളിഞ്ഞ് ആ മഹത്കർമം ശരിയ്ക്കും നിർവഹിയ്ക്കാൻ പാർഥനു സാധിച്ചു.

പക്ഷേ ഈ മെച്ചവും സൗകര്യവും അർജുനനെ എപ്പോഴും തുണയ്ക്കുമോ? മനസ്സിനു സംശയവും പരിഭ്രമവും സംഘർഷ

വും വീണ്ടും പിണഞ്ഞാലോ, എന്തുവേണം, തെളിച്ചവും വീക്ഷണവും നല്കാൻ ആരുണ്ട്, പ്രശ്നങ്ങൾക്ക് എവിടെയാണ് പരിഹാരം? അർജുനൻ വീണ്ടും സംശയഗ്രസ്തനും മോഹാധീനനുമാകാൻ സാധ്യതയുണ്ടെന്നു കൃഷ്ണനു തോന്നി. അതിനാലാണ് ബുദ്ധിയെ സംശയമുക്തമാക്കുന്ന അധ്യാത്മജ്ഞാനത്തിന്റെ പാരമ്യത ചൂണ്ടിക്കാട്ടി, അതെങ്ങനെ നേടാമെന്നു സാധകന്മാർക്കുകൂടി ഉപകാരമാകത്തക്കവണ്ണം വെളിപ്പെടുത്തുന്നത്.

അധ്യാത്മജ്ഞാനം ചൊരിയാനുള്ള അന്തിമസ്ഥാനം തത്ത്വജ്ഞസന്നിധിയാണ്. തത്ത്വവേത്താവിന്റെ ദൗത്യമാണ് എന്നും ജിജ്ഞാസുവിനെ, സന്ദേഹങ്ങളും മോഹങ്ങളും തീർത്ത്, ഉയർത്തിയെടുത്തു പ്രബുദ്ധനാക്കുന്നത്. വാസ്തവത്തിൽ തത്ത്വജ്ഞാനം പ്രതിപാദിയ്ക്കാനുള്ള കഴിവും, തിരഞ്ഞു കഷ്ടപ്പെടുന്ന മനസ്സുകളോടുള്ള അതിരറ്റ സ്നേഹവുമാണ് ജ്ഞാനികളുടെ ഈ ഉദാത്തദൗത്യത്തിന്റെ പിന്നിൽ!

ഈ പുണ്യഭൂമിയിൽ എത്രയോ തത്ത്വജ്ഞന്മാർ അത്യന്താപേക്ഷിതവും അതിശ്ലാഘ്യവുമായ ഈ ദൗത്യം അദ്ഭുതകരമായ മികവോടും അനന്യതയോടുംകൂടി എക്കാലവും നിർവഹിച്ചുപോന്നിട്ടുണ്ട്. അവരുടെ സമഗ്രമായ സമർപ്പണവും തപോയജ്ഞവും ഇല്ലാതിരുന്നെങ്കിൽ, വേദങ്ങൾ, ഉപനിഷത്തുകൾ, ബ്രഹ്മസൂത്രങ്ങൾ തുടങ്ങി ഒട്ടനവധി നിസ്തുലസാഹിത്യരചനകളും, അതിൽ അധിഷ്ഠിതമായ ശാശ്വതസംസ്കാരവും നമുക്കു ലഭിയ്ക്കുമായിരുന്നില്ല.

ഉപനിഷത്തുകൾ പ്രഖ്യാപിയ്ക്കുന്നു, പരമമായ അധ്യാത്മസത്യം അനുഭവസിദ്ധിയുള്ള ഗുരുവിൽനിന്നുവേണം കേൾക്കാനും ഗ്രഹിയ്ക്കാനും. അങ്ങനെ കേട്ടു മനനംചെയ്ത് അഭ്യസിച്ചാൽമാത്രമേ ശാസ്ത്രങ്ങളുടെ ശരിയായ സന്ദേശം, മുഴുവനും ആഴത്തോടും മാനത്തോടുംകൂടി ജിജ്ഞാസുവിന്റെ മനസ്സിലും ബുദ്ധിയിലും തെളിഞ്ഞുദിയ്ക്കൂ. മുണ്ഡകോപനിഷത്ത് തറപ്പിച്ചു പറയുന്നു:

> **പരീക്ഷ്യ ലോകാൻ കർമചിതാൻ ബ്രാഹ്മണോ**
> **നിർവേദമായാന്നാസ്ത്യകൃതഃ കൃതേന**
> **തദ്വിജ്ഞാനാർഥം സ ഗുരുമേവാഭിഗച്ഛേത്**
> **സമിത്പാണിഃ ശ്രോത്രിയം ബ്രഹ്മനിഷ്ഠം** (1.2.12)

വേദങ്ങൾ നിരത്തിവെയ്ക്കുന്ന ചേതോഹരമായ കർമഫലങ്ങളും വാഗ്ദത്തങ്ങളും അപഗ്രഥിച്ചുനോക്കി, കാര്യക്കുരുക്കുകൾക്ക് ഉള്ളിൽ നിന്നുകൊണ്ട്, അകാരണമായ സത്യം നേടാൻ സാധ്യമല്ലെന്ന വിവേകത്താൽ, ശരിയായ ജിജ്ഞാസു അവയോടു തികഞ്ഞ വൈമനസ്യം പുലർത്തണം. അനന്തരം ഒരുകെട്ടു വിറകുമായി ജ്ഞാന



മൂർത്തിയും ബ്രഹ്മനിഷ്ഠനുമായ ഗുരുവിനെ വിനയപൂർവം സമീപിയ്ക്കണം. എന്തിന്? വിറകുകെട്ടുപോലെയുള്ള അജ്ഞാനക്കൂമ്പാരത്തെ ജ്ഞാനാഗ്നിയാൽ ദഹിപ്പിച്ചുതരണേ എന്ന പ്രാർഥനയോടെ.

ബ്രഹ്മജ്ഞാനം വേണ്ടുംവണ്ണം ഉപദേശിച്ചു പ്രബുദ്ധനാക്കി, ജീവിതസാഫല്യം നേടാനായി വേണ്ടിവന്നാൽ തത്ത്വജ്ഞന്റെപക്കൽ പോകണമെന്ന് അർജുനനെ പറഞ്ഞുമനസ്സിലാക്കയാണ് കൃഷ്ണൻ. ഇതു വെറും വ്യക്തീയ നിർദേശമല്ല. അർജുനനെ നോക്കിയാണ് പറയുന്നതെങ്കിലും, ലോകത്തിലുള്ള ജിജ്ഞാസുക്കളെ ഒട്ടാകെ ഉദ്ദേശിച്ചുള്ളതാണ് വാക്കുകൾ. അവസാനം ജിജ്ഞാസുമനസ്സിലുള്ള ചോദ്യങ്ങളും സംശയങ്ങളും തീരണമെങ്കിൽ ശ്രോത്രിയനും ബ്രഹ്മനിഷ്ഠനുമായ തത്ത്വജ്ഞനെത്തന്നെ ശരണം പ്രാപിയ്ക്കയാണ് ആവശ്യം. അതുകൊണ്ടേ പൂർണതയും സാഫല്യവും ശരിയാകൂ.

'തത്ത്വജ്ഞാനികൾ' എന്ന ബഹുവചനമാണ് കൃഷ്ണൻ ഇവിടെ ഉപയോഗിയ്ക്കുന്നത്(4.34). ഇതു ബ്രഹ്മവിദ്യാപ്രതിപാദനത്തിന്റേയും അനുധാവനത്തിന്റേയും പൊതുസ്വഭാവം വ്യക്തമാക്കുന്നു. **സാധകന്നോ ജിജ്ഞാസുവിനോ എക്കാലത്തും ആശ്രയം, ശിഷ്യനെ ആലിംഗനംചെയ്ത്, ആശ്വാസവും തെളിച്ചവും പ്രബോധവും നല്കുന്ന ഉത്കൃഷ്ടഗുരുവാണ്. രക്തവിവാഹബന്ധങ്ങൾക്കു നിർവഹിയ്ക്കാനാവാത്തതാണ് ഗുരുവിന്റെ ജ്ഞാനദൗത്യം**!

സാരഥിയായി മുമ്പിലിരിയ്ക്കുമ്പോഴും കൃഷ്ണൻ ഗുരുവിന്റെ മഹദ്ദൗത്യമാണല്ലോ അർജുനനുവേണ്ടി നിർവഹിയ്ക്കുന്നത്. ഇതു കൃഷ്ണനുമാത്രമുള്ള അവകാശമോ നിർബന്ധമോ പ്രേരണയോ അല്ല. ഈ പുണ്യഭൂമിയിൽ, അല്ല ലോകത്തെമ്പാടുംതന്നെ, വേറെയും ഗുരുക്കന്മാർ ഉണ്ടാകും. അധ്യാത്മജ്ഞാനം ഒരുത്തനുമാത്രംവേണ്ടി നീക്കിവെച്ചിട്ടുള്ളതോ സൂക്ഷിച്ചുപോരുന്നതോ അല്ല. കൃഷ്ണൻതന്നെ ഇക്കാര്യം പലതവണ ആവർത്തിച്ചുകഴിഞ്ഞു (2.16,51, 3.20, 4.10). ജനകമഹാരാജനേയും മറ്റും പ്രമാണമായും ദൃഷ്ടാന്തമായും എടുത്തുപറഞ്ഞത് അതിനാലാണല്ലോ.

നിരവധി ജ്ഞാനികൾ ഭാരതത്തെ അലങ്കരിച്ചിട്ടുണ്ടെന്നതാണ് നമ്മുടെ മേന്മയും മഹത്ത്വവും. അവരോരോരുത്തരും അവരവരുടെ തുറയിൽ വേണ്ടത്ര പ്രഭാവമുള്ളവരാണുതാനും. ഈ നിരയിൽ രാജാക്കന്മാരും ചക്രവർത്തിമാരുമുണ്ട്. തപോധനന്മാരും സംന്യാസിമാരും പ്രത്യേകപ്രാവീണ്യത്തോടെയും വിരാജിയ്ക്കുന്നു. പുരുഷന്മാരും സ്ത്രീകളും, പ്രായം കുറഞ്ഞവരും കൂടിയവരുമുണ്ട് ഒപ്പം. വാല്മീകിമഹർഷിയായിത്തീർന്ന വനവാസി രത്നാകരൻ, മുക്കുവപുത്രനായ വ്യാസദേവൻ, ധർമവ്യാധൻ, ഭിക്ഷുകി സുലഭ എന്നീ പലരും അധ്യാത്മമണ്ഡലത്തിൽ അവരുടേതായ സ്ഥാനമഹിമ

കളോടെ നില്ക്കുന്നതും കാണാം.

വേദകാലംമുതല്ക്കേ ഉള്ളതാണ് ഈ വൈവിധ്യമഹിമ. സുപ്രസിദ്ധരായ ഇത്തരം ജ്ഞാനികൾക്കും യോഗികൾക്കും മധ്യേയാണ് കൃഷ്ണനും. മുമ്പു വിവരിച്ചപോലെ, കൃഷ്ണന് അസാധാരണമായ സ്ഥാനവും ഔന്നത്യവുമുണ്ടെന്നതു ശരി. എന്നാലും ജ്ഞാനികളുടേയും യോഗികളുടേയും പട്ടികയിൽ കൃഷ്ണനും ഒരുവനാണെന്നേ പറയാനാവൂ. ഗുരുജനങ്ങളുടെ ദൗത്യം കൃഷ്ണനിൽ തുടങ്ങുകയോ അവസാനിയ്ക്കയോ ചെയ്യുന്നില്ല. **ഈ പുണ്യഭൂമിയുടെ അനശ്വരധനമാണ് ബ്രഹ്മവിദ്യ. വേദകാലംമുതല്ക്കേ ഇത് ഇവിടത്തെ ജനങ്ങളെ ധന്യരും പ്രബലരും സംതൃപ്തരുമാക്കിപ്പോരുന്നു.**

താൻ വിവരിയ്ക്കുന്നതു പൂർവജ്ഞാനികൾ സാക്ഷാത്കരിച്ചതും പ്രതിപാദിച്ചതുമായ സത്യങ്ങളാണെന്നു കൃഷ്ണൻതന്നെ പറഞ്ഞിട്ടുണ്ടല്ലോ(2.16). കൃഷ്ണന്റെ വാക്കുകൾ വഹിയ്ക്കുന്നത് ഈ പുണ്യഭൂമിയിലെ ജനങ്ങൾ യുഗങ്ങളായി പരിരക്ഷിച്ചുപോന്ന ബ്രഹ്മവിദ്യാപാരമ്പര്യത്തിന്റെ അനിർവചനീയമായ കരുത്തും കാതലുമാണ്.

ദേഹശക്തിയും മനോബലവും ബുദ്ധികൗശലവുമടക്കം എല്ലാം തന്നെ ഒരുവനെ വെടിഞ്ഞാലും, ഈ പൈതൃകം ആശ്രയവും രക്ഷയും നല്കാൻ പോന്നതത്രെ. ഈ പവിത്രഭൂമിയിൽ കരുപ്പിടിച്ച ധർമത്തിന്റെ ഗാഢവശങ്ങൾ മനസ്സിന്റെ പ്രശ്നങ്ങളും പ്രതിസന്ധികളും പ്രഹേളികകളും തീർത്ത് ഒരുവന്റെ ഉൾവ്യക്തിത്വത്തെ സംശുദ്ധവും സുസ്ഥിരവും കരുത്തുറ്റതും ആക്കുന്നതാണ്.

ഭക്തജനങ്ങൾ പൊതുവെ കൃഷ്ണനെ ദൈവവും അവതാരവും മറ്റുമായി പരിഗണിയ്ക്കുന്ന പശ്ചാത്തലത്തിൽ, ഭഗവദ്ഗീതയിലെ ഇത്തരം പ്രസ്താവന തുലോം പ്രസക്തവും പ്രബോധകവുംതന്നെ. കൃഷ്ണന്റെ വ്യക്തിത്വം ജ്ഞാനിവര്യന്മാരുടേയും ഗുരുദേവന്മാരുടേയും ഇടയിൽ അത്യപൂർവമത്രേയെന്നാണ് ഇതെല്ലാം വെളിപ്പെടുത്തുന്നത്. ദു:ഖിതമനസ്സിന് ആശ്വാസംനല്കി തൃപ്തനും സഫലനുമാക്കുന്ന ഒരുവൻ, ഈ വസ്തുത ശരിയ്ക്കും ഗ്രഹിച്ചു കാര്യക്ഷമമായി പ്രചരിപ്പിയ്ക്കണമെന്നാണ് കൃഷ്ണൻ ആവശ്യപ്പെടുന്നത്. മൂർത്തീകരണത്തിനും നേതൃവന്ദനത്തിനുമുള്ള അമിതമായ ഇമ്പത്തിലും ത്വരയിലും, ആത്മജ്ഞാനത്തേയും ആത്മജ്ഞാനികളേയും സംബന്ധിച്ച വാസ്തവം നിരാകരിയ്ക്കപ്പെടരുത്.

കൃഷ്ണൻ പറയുന്നു, **ഉദാത്തനായ ഗുരുവിന്റെ മുമ്പിൽ രാജാവോ ചക്രവർത്തിയോ വിദ്വാനോ സമാജനേതാവോ ആരായാലും അവലംബിയ്ക്കേണ്ടതു വിനയവും ആദരവുമാണ്, കൂട്ടത്തിൽ അധ്യാത്മമായ പരമജ്ഞാനം നേടണമെന്ന പൂർണാഭി**



**ലാഷവും വേണം. ഗുരുവിന്റെ പക്കൽ പോകുന്നുവെന്നതിനു സ്വാത്മഗൃഹത്തിലേയ്ക്കു പോകുന്നുവെന്നാണർഥം. ഗുരുവിനേയും ശിഷ്യനേയും ഇണക്കിനിർത്തുന്നത് ആത്മസ്നേഹവും ആത്മബന്ധവും ആത്മവിശ്വാസവുമാണ്. യുഗങ്ങൾ മുമ്പെന്നപോലെ ഇന്നും ഇത് അനിഷേധ്യമായ വസ്തുതതന്നെ.**

ആത്മജ്ഞാനം വേണ്ടുംവണ്ണം കൈവരുന്നതും പരിപാലിയ്ക്കപ്പെടുന്നതും, അതിന്റെ കൈവശക്കാരനിൽനിന്ന് അതു സ്നേഹമസൃണമായ പൈതൃകമായി ലഭിയ്ക്കുമ്പോഴാണ്. അച്ഛനമ്മമാരിൽനിന്നുള്ള സ്വത്തു കുട്ടികൾവശം ശരിയായ വിനിയോഗത്തിന് ഉതകുമ്പോലെ, മഹാത്മാവായ ഗുരുവിൽനിന്നു ലഭിയ്ക്കുന്ന ജ്ഞാനമേ ശിഷ്യൻവശം സമർഥവിനിയോഗത്തിനുള്ള അമൂല്യനിധിയായി പ്രകാശിയ്ക്കൂ.

കൃഷ്ണനു തന്റെ ഗുരുദേവന്മാരുണ്ടായിരുന്നു. ഇവിടെ അർജുനനോടു നിർദേശിയ്ക്കുന്നപോലെ, താൻ അവരുടെകൂടെ ജീവിച്ച് ഇടപഴകിക്കൊണ്ടാണ് പഠിച്ചത്.

ഗുരുവിനെ ആദ്യമായി പ്രണമിയ്ക്കയാണ് വേണ്ടത്, കൃഷ്ണൻ പറയുന്നു. **ശിരസ്സിനെ താഴ്ത്തി ഗുരുപാദങ്ങളിൽ വെയ്ക്കുന്നതുവഴി ശിഷ്യൻ തന്റെ കലവറയില്ലാത്ത സമർപ്പണവും സ്വീകാരവുമാണ് പ്രകടമാക്കുന്നത്: "ഞാൻ വന്നിരിയ്ക്കുന്നതു താങ്കൾ ദയവായി തരുന്നതു സ്വീകരിയ്ക്കാൻമാത്രമാണ്. ഞാൻ എന്തു ചെയ്യണമെന്നു നിർദേശിച്ചാലും. അതു ഞാൻ വിനയപൂർവം പിന്തുടരാം."**

സാധാരണയായി നമ്മുടെ ശിരസ്സ് മറ്റുള്ള അവയവങ്ങൾക്കും, ഹൃദയത്തിനും ശ്വാസകോശങ്ങൾക്കും മീതെയാണല്ലോ. തല നിലത്താക്കി പ്രണമിയ്ക്കുമ്പോൾ, കൂടുതൽ രക്തം ശിരസ്സിലേയ്ക്കു പ്രസരിപ്പിയ്ക്കാൻ ഹൃദയത്തിനു കഴിയുന്നു, അതിന് അവസരം ലഭിയ്ക്കുന്നു. ഇങ്ങനെ നമസ്കാരം വാസ്തവത്തിൽ തലച്ചോറിനുള്ള സ്നാനമാണ്. വെള്ളത്തിലുള്ള കുളി തലയിലെ തൊലിയ്ക്കും മുടിയ്ക്കും മാത്രമേ ഉതകുന്നുള്ളൂ. നമസ്കരിയ്ക്കുന്നതോടെ തലച്ചോറ് വൃത്തിയും വെടുപ്പുമായി ഒരു പുതുമ വരിയ്ക്കുന്നു, ബുദ്ധിശക്തിയും സൂക്ഷ്മതയും കൂടാൻ സഹായിയ്ക്കുന്നു.

നമ്മുടെ സംസ്കാരത്തിൽ പ്രണാമത്തിനു ശ്രേഷ്ഠമായ സ്ഥാനവും ഉദ്ദേശവുമാണുള്ളത്. ക്ഷേത്രങ്ങളിൽ, മുതിർന്നവരുടേയും ഗുരുനാഥന്മാരുടേയും മുമ്പിൽ, ഈശ്വരന്റെ മുമ്പിൽ, ദിവ്യവും ഭക്തിനിർഭരവുമായ അവസരങ്ങളിൽ, വേണ്ടപ്പെട്ടവരുടെ മൃതദേഹത്തിനുമുമ്പിൽ, ആദരവ്, സമ്മതം, സ്വീകാരം എന്നിവ പ്രദർശിപ്പിയ്ക്കാനുള്ള ഏറ്റവും വിശിഷ്ടമായ രീതിയാണ് പ്രണമിയ്ക്കൽ. മനുഷ്യഹൃദയത്തെ ഉദാത്തവും ഉത്കൃഷ്ടവും ധന്യവുമാ

ക്കാനായി ഇത്തരം വിനയത്തിൽക്കവിഞ്ഞ് ഒന്നുമില്ല.

ഇങ്ങനെ കൃഷ്ണൻ പറയുന്നു, ഗുരുവിന്റെ മുമ്പിൽ ആദ്യമായി പ്രകടമാക്കേണ്ട ആദരവും സ്വീകാരവുമാണ് നമസ്കരിയ്ക്കൽ. സ്വന്തം മാതാപിതാക്കന്മാർക്കോ, അധ്യാപകർക്കോ ക്ഷേത്രവിഗ്രഹങ്ങൾക്കോ നല്കാനാവാത്ത ആത്മോദാത്തത സിദ്ധിയ്ക്കാനായി ഗുരുവെ സമീപിയ്ക്കുമ്പോൾ അദ്ദേഹത്തെ പ്രണമിയ്ക്കുന്നതുതന്നെ ഉത്തമതുടക്കം. ഇതിലടങ്ങുന്ന ഉത്തുംഗതയും അപൂർവതയും ഒന്നു ഭാവനചെയ്തുനോക്കൂ. ജിജ്ഞാസു തീവ്രമുമുക്ഷുത്വവുമായി ഗുരുവിന്റെ മുമ്പിലെത്തി സ്നേഹവിശ്വാസപൂർവം പ്രണമിയ്ക്കുന്നതോടെ, ഒരു പുതിയ ബന്ധം ഉടലെടുക്കാനുള്ള രംഗം തെളിയുകയായി.

പിന്നെ വേണ്ടതു താൻ വന്നിരിയ്ക്കുന്നതും തന്റെ മനസ്സ് ഉറ്റുനോക്കുന്നതും എന്തിനാണെന്നു ഗുരുവിനെ യഥാവിധി അറിയിയ്ക്കയാണ്. ശിഷ്യന്റെ മനസ്സിനെ അലട്ടുന്നതെന്ത്, അതിനു തേടുന്ന പരിഹാരമെന്ത്, എന്നു ഗുരുവിന് അറിയാറാകണം. ഇതിനു ശരിയായ ഒരുണർത്തിപ്പു ശിഷ്യനിൽനിന്ന് ആവശ്യമാണ്. ശിഷ്യന്റെ ഉൾവിഷമം ഉണ്ടെങ്കിൽ അതും, അതിനുദ്ദേശിയ്ക്കുന്ന പരിഹാരവും, രണ്ടും ശരിയ്ക്കു വെളിപ്പെടുത്തണം. ഹാർദവും വിശ്വാസപൂർണവുമായ ഒരു സംവദനമാകണം അത്.

ഇങ്ങനെ ഗുരുവോടു തന്റെ മനസ്സ് ഉണർത്തുന്നതിനെ കൃഷ്ണൻ പരിപ്രശ്നമെന്നാണ് പറയുന്നത്. **ഗുരുവിനെ ഏറ്റവും വിശ്വസ്തനും ബഹുമാന്യനുമായി കരുതിവേണം ജിജ്ഞാസു തികഞ്ഞ വിനയത്തോടെ തന്റെ പ്രതിസന്ധിയും അന്വേഷണവും അറിയിച്ച്, അതിനു നിവാരണവും ആശ്വാസവും തേടാൻ.**

ശത്രുസേനയുടെ നേതാക്കളെ കണ്ടപ്പോഴുണ്ടായ സങ്കടത്തേയും വിഷമത്തേയും ശക്തമായി നിരസിച്ചും നിന്ദിച്ചും കൃഷ്ണൻ സംസാരിച്ചപ്പോൾ (2.2,3), അർജുനൻ ചെയ്തതിതല്ലേ? കൃഷ്ണന്റെ **അനാര്യജുഷ്ടം, അസ്വർഗ്യം, അകീർത്തികരം, ക്ലൈബ്യം** എന്നീ വാക്കുകൾ വളരെ ശക്തവും ഗംഭീരവും വിമർശകവുമായിരുന്നുവല്ലോ.

അർജുനൻ ഉടൻ തന്റെ അപൂർണത മനസ്സിലാക്കി (2.7) കാർപണ്യദോഷത്താൽ തനിയ്ക്കു ശരിയായ ധാർമികവീക്ഷണം ഇല്ലാതായിരിയ്ക്കയാണെന്നു സമ്മതിച്ചു, **ധർമസംമൂഢചേതാഃ**. അർജുനൻ ശ്രേയസ്സിലേയ്ക്ക്, ആത്യന്തികനന്മയ്ക്ക്, തന്നെ നയിയ്ക്കണമെന്നു വ്യക്തമാക്കയും ചെയ്തു. ഈ അന്വേഷണവും ത്വരയും മനസ്സിൽവെച്ചുകൊണ്ടാണ് കൃഷ്ണൻ ശ്രേയസ്സിനു വേണ്ടത്ര ഊന്നൽനല്കി സംസാരിച്ചത്.

**സേവയാ** എന്ന വാക്കാണ് കൃഷ്ണൻ അടുത്തുപയോഗിയ്ക്കുന്നത്. ഗുരുവിനെ സ്നേഹത്തോടും ശ്രദ്ധയോടുംകൂടി ശുശ്രൂഷി



യ്ക്കണമെന്നാണല്ലോ ഇതുകൊണ്ട് ഉദ്ദേശിയ്ക്കുന്നത്. ഗുരുവുമായുള്ള ബന്ധം താത്കാലികമോ അല്പകാലികമോ ആയാൽ പോരെന്നാണ് ഇതു സ്പഷ്ടമാക്കുന്നത്. ശ്രേയസ്സെപ്പറ്റി ധരിപ്പിയ്ക്കുന്നതോടെ, അതിനെ എല്ലാ ആഴത്തിലും നിറവിലും കൈക്കൊള്ളണമെന്നുകൂടി വരുന്നു. ഇത് അർജുനനും കൃഷ്ണനും തമ്മിൽ നടക്കുന്നപോലെയുള്ള ഒരു സാന്ദർഭികസംവാദംകൊണ്ട് സാധിയ്ക്കുന്നതല്ല.

നിസ്സംശയമെന്നു പറയട്ടെ, കൃഷ്ണൻ തന്റെ അനന്യമഹിമയാൽ അർജുനനു വേണ്ടത്ര തെളിച്ചവും വീക്ഷണവും നിശ്ചയദാർഢ്യവും നല്കുന്നതിൽ വിജയിച്ചു. രണ്ടുമണിക്കൂറിലെ സംവാദത്താൽത്തന്നെ, തന്റെ ദു:സ്ഥിതി നേരിടാൻ അർജനനു സാധിച്ചു. പക്ഷേ അതുകൊണ്ടുമാത്രം അധ്യാത്മജ്ഞാനവും അനുഭവസിദ്ധിയും, അതിന്റെ പാരമ്യതയോടും പ്രായോഗികമാഹാത്മ്യത്തോടും കൂടി കൈവരാൻ പോകുന്നില്ല. ആത്മജ്ഞാനം സിദ്ധിയ്ക്കുകയെന്നാൽ, അതോടൊപ്പമുള്ള തപസ്സും പവിത്രതയും സ്വസ്ഥതയുംകൂടി നേടുകയെന്നാണ്. ഇതു വെറുതെ കേട്ടതുകൊണ്ടോ വായിച്ചതുകൊണ്ടോ ജനിയ്ക്കുന്നതല്ല.

ജിജ്ഞാസു ഈ അനുധാവനത്തിൽത്തന്നെ നില്ക്കണം, അതിന്റെ എല്ലാ വിശേഷതകളേയും ഉൾക്കൊണ്ടുകൊണ്ടുതന്നെ. **ഗുരുവുമായുള്ള അടുത്ത പഴക്കത്തോടൊപ്പം, അദ്ദേഹത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളെ അനുവർത്തിച്ച് അതിൽ സഹായിയ്ക്കുക. തന്റെ അനുധാവനത്തെ അനന്യമാക്കാനുള്ള വലിയ ഒരു അവസരമാകും അത്. അപ്പോഴേ മനസ്സിലും ബുദ്ധിയിലുമുള്ള ലൗകികത്വം കുറഞ്ഞ്, ആ സ്ഥാനത്ത് അധ്യാത്മം പതിയുകയുള്ളൂ. ഈ പരിവർത്തനം സുപ്രധാനമാണ്. ഇതിനു ഗുരുദേവനുമായി അടുത്ത സമ്പർക്കവും സഹവാസവും ഒഴിച്ചുകൂടാത്തതുതന്നെ.**

കാലത്തിലും സമാജത്തിനും വന്നിട്ടുള്ള മാറ്റങ്ങളെന്തോ ആകട്ടെ, ഈ സത്യം എന്നും ഒരേപോലെ പ്രകാശിയ്ക്കുന്നു. കലാവിഷ്കാരങ്ങളായ പാട്ടും ആട്ടവുമൊക്കെ അതതിന്റെ ഗുരുജനങ്ങളുമായി അടുത്തു പഴകി അഭ്യസിയ്ക്കേണ്ടതല്ലേ? ബ്രഹ്മവിദ്യയെന്ന ഏറ്റവും സൂക്ഷ്മകലാഭ്യാസത്തെക്കുറിച്ച് അപ്പോൾ എന്തു പറയാനാണ്?

അർജുനന്റെ അവശതയും അന്വേഷണവും പെട്ടെന്നായിരുന്നുവല്ലോ. ആത്മാർഥമായ അന്വേഷണത്തോടൊപ്പം പോകുന്ന ഗുണങ്ങളോ പാകമോ അതിനാൽ തന്നിലുണ്ടായിരുന്നില്ല. മാത്രമല്ല ശിഷ്യത്വത്തിൽ അങ്കിതമായ ക്ഷമയും അനന്യത്വവുംവഴി അന്വേഷണത്തെ ദൃഢമാക്കാനുള്ള സമയവും അവസരവും ലഭി

യ്ക്കയും ഉണ്ടായില്ല.

ശരവിസർജനം തുടങ്ങാനിരിയ്ക്കയാണ്. അതു തുടങ്ങിയാൽ രംഗവും വേഗതയുമാകെ മാറും. ജിജ്ഞാസുവിനുവേണ്ട തപസ്സ് എവിടെയുണ്ടാകാനാണ് അപ്പോൾ, ആരാണ് ഈ വക ഗുണ മേന്മകൾ വേണ്ടപോലെ ഉൾക്കൊള്ളാൻ അർജുനനെ സഹായി യ്ക്കുക?

കൃഷ്ണന് ഈ വക കാര്യങ്ങൾ വ്യക്തമായിരുന്നു. അതിനാ ലാണല്ലോ, മോഹവും അനിശ്ചിതത്വവും വിട്ടൊഴിഞ്ഞുപോകാൻ അർജുനന് ഒരു തത്ത്വജ്ഞനിൽനിന്നുള്ള ഉദ്ബോധനം വീണ്ടും ആവശ്യമാകാമെന്നു തോന്നിയത്. തത്ത്വാന്വേഷണത്തേയും അച ഞ്ചലമായ ഗുരുഭക്തിയേയും കുറിച്ചു കൃഷ്ണൻ നല്കുന്ന സന്ദേ ശം ഇങ്ങനെ ഉത്തമജിജ്ഞാസുക്കൾക്കു സർവകാലപ്രസക്തമാണ്.

ബ്രഹ്മവിദ്യാഭ്യാസത്തിൽ പ്രബുദ്ധനായ ഗുരു അവസാനത്തെ വാക്കും ആശ്രയവുമാണ്. തത്ത്വദർശികൾക്കുമാത്രമേ അധ്യാത്മവീ ക്ഷണം വിശദമാക്കി, ആത്മസമ്പന്നതയും സ്വസ്ഥതയും പ്രദാനം ചെയ്യാനാകൂ. കൃഷ്ണൻ പറയുന്നു: "പരമജ്ഞാനം കൈവന്നു ധന്യതയാർജിച്ച്, ഈ പ്രപഞ്ചത്തിലെ എല്ലാ ഭൂതങ്ങളേയും നിന്റെ തന്നെ ആത്മാവിൽ, ജലാശയത്തിൽ കുമിളകളെന്നപോലെ, കാണാനും, ആ എല്ലാം എന്നിലാണെന്ന് ഉണരാനും കഴിയും (4.35)."

എല്ലാ അസ്തിത്വവിഭാഗങ്ങളും ആത്മാവിൽ അധിഷ്ഠി തമാണെന്നു കാണുകയെന്നതിന്, ആത്യന്തികസത്യത്തേയോ ബ്രഹ്മത്തേയോ കാണുകയെന്നുതന്നെ അർഥം. കൃഷ്ണൻ കൂട്ടി ച്ചേർക്കുന്നു **അഥോ മയി**; താൻ പരബ്രഹ്മത്തോട് എത്രകണ്ട് താദാത്മ്യപ്പെട്ടിരിയ്ക്കുന്നുവെന്നു സൂചിപ്പിയ്ക്കുന്നു ഈ രണ്ടു വാക്കുകൾ.

വാസ്തവത്തിൽ സദ്ഗുരുവിന് ആത്മാവും ബ്രഹ്മവുമായി ഇതേ പോലെ അചഞ്ചലമായ താദാത്മ്യം ഉണ്ടാകണം അപ്പോഴേ അന്തി മസത്യത്തെ അർഥവത്തും കാര്യക്ഷമവുമായി വ്യപദേശിയ്ക്കാൻ കഴിയൂ. ഇവ്വിധം താദാത്മ്യം ശ്രേഷ്ഠരായ ജ്ഞാനികളിലും മഹർഷിമാരിലുമുള്ള അനന്യമേന്മയാണ്. ഇനിയുള്ള പല ശ്ലോക ങ്ങളിലും കൃഷ്ണൻ അന്തിമസത്യവുമായി തനിയ്ക്കുള്ള താദാത്മ്യം പരാമർശിയ്ക്കുന്നുണ്ട്. ഇതു തന്റെ വ്യക്തിത്വത്തെ ക്കുറിച്ചുള്ള സത്യം വെളിപ്പെടുത്തുന്നതും, അതേസമയം തത്ത്വ ജ്ഞാനികൾക്കു പൊതുവെയുള്ള സ്വഭാവവും സ്ഥാനവും വെളി പ്പെടുത്താനുമാണ്.

- തുടരും

# ആശ്രമലോകത്തെപ്പറ്റി ചില ചിത്രവീക്ഷണങ്ങൾ-2

- ബ്രഹ്മചാരിണി നമ്രതാസ്വരൂപാ

സംപൂജ്യ സ്വാമിജിയുടെ പ്രവർത്തനങ്ങളോടു ബന്ധപ്പെട്ട *ഫോ ട്ടോ*കളും പ്രമാണരേഖകളും തിരഞ്ഞെടുത്തു സൂക്ഷിയ്ക്കാൻ നോക്കവേ, അദ്ദേഹത്തിന്റെ ബഹുമുഖവ്യാപ്തവും ഭാവനാതീ തവുമായ ജീവിതം വിട്ടുമാറാനാവാത്തവിധം ദൃശ്യമാകുന്നു.

നവംബറിൽ ഡൽഹിസന്ദർശിയ്ക്കുന്നതോടെ, സ്വാമിജി രൂപക ല്പനചെയ്ത എഫ്.ആർ.എൻ.വി.യുടെ പ്രവർത്തനം സ്പന്ദമാന മാകുന്ന സന്ദർഭത്തിൽ, അദ്ദേഹത്തിലെ ശക്തമായ സമാജതാത്പ ര്യങ്ങൾ, ഭക്തരിലും പ്രതിയോഗികളിലുംനിന്നു കഠിനമായ എതിർപ്പു നേരിടുമ്പോഴും ആവശ്യത്തിനൊത്ത ഏതു നീക്കത്തിനുമുള്ള സന്ന ദ്ധത, ഇതൊക്കെ നിങ്ങളുമായി പങ്കുവെയ്ക്കണമെന്നു തോന്നുന്നു.

പൂജ്യസ്വാമിജി നയിച്ച ധാർമികസാമൂഹ്യപ്രസ്ഥാനങ്ങൾ വിവ രിയ്ക്കുന്ന ദിനപ്പത്രങ്ങളിലെ പ്രസക്തഭാഗങ്ങൾ, കത്തുകൾ, നിവേ ദനങ്ങൾ, അറിയിപ്പുകൾ, ലഘുലേഖനങ്ങൾ, ഇതൊക്കെ അടങ്ങുന്ന 50 ഓളം ഫയലുകളിലെ പഴയഫോട്ടോകൾ തിരഞ്ഞെടുത്തു ശേഖ രിച്ചപ്പോൾ അവയിലെ ഉള്ളടക്കം ഒരു പുതിയ ദിശയിലേയ്ക്കു ഞങ്ങളെ നയിച്ചു.

എന്താണ് ഈ പ്രസ്ഥാനങ്ങൾ? സ്വാമിജി പോലീസുവാനിൽ ഇരിയ്ക്കുന്നു, ഗുരുവായൂർക്ഷേത്രത്തിൽ ശയനപ്രദക്ഷിണംചെയ്യു ന്നു, കൊടുങ്ങല്ലൂരിൽ വാളെടുത്തുതുള്ളിവരുന്ന കോമരങ്ങളെ അഭി മുഖീകരിയ്ക്കുന്നു, ഇത്തരം രംഗങ്ങളുടെ പശ്ചാത്തലം സൂക്ഷ്മവും വിശദവുമായി ഗ്രഹിയ്ക്കാൻ വിചാരസേതു പഴയപതിപ്പുകൾ എടു ത്തു നോക്കിത്തുടങ്ങി.

ശിഷ്യന്മാർക്കും തത്ത്വാന്വേഷികൾക്കുമെന്നപോലെ ഉദ്യോഗസ്ഥർ ക്കും സഹായാർഥികൾക്കുമായി, സംവാദങ്ങൾ, സത്സംഗങ്ങൾ, കത്തുകൾ, പത്രലേഖനങ്ങൾ, എന്നിവവഴി ബ്രഹ്മവിദ്യ സദാ പ്രചരി പ്പിയ്ക്കുന്ന ജ്ഞാനധ്യാനമൂർത്തിയായ സ്വാമിജി, ഇത്തരം പ്രസ്ഥാ നങ്ങളിൽക്കൂടി രാജ്യത്തിനും സമാജത്തിനും നല്കാൻ ഉദ്ദേശിച്ച തെന്ത്? ആശ്രമത്തിൽ ജിജ്ഞാസുക്കളും സാധകന്മാരുമായി കഴി യുന്ന താപസാന്തരീക്ഷം വിട്ട്, മതസമാജീയമായ ഇത്തരം പരിഷ്ക രണങ്ങളിൽ എന്തുകൊണ്ടേർപ്പെടുന്നു? എതിരാളികളുടെ ഉഗ്രകോപം നേരിടാനും, *അറസ്റ്റു*വരിയ്ക്കാനും, ദൃഢനിശ്ചയത്തോടെ അനി ശ്ചിതമായ ഉപവാസം അനുഷ്ഠിയ്ക്കാനും പുറപ്പെട്ടത് എന്തിന്!

സ്വാമിജിയുടെ ഭയവിഹ്വലരായ പല ഭക്തന്മാരിലും ഈ ചോദ്യം മാറ്റൊലിക്കൊണ്ടു. പലരും അവിശ്വാസവും ഭീതിയും പ്രകടമാ ക്കാനും, സ്വാമിജിയിൽനിന്ന് അകലാനും, അദ്ദേഹവുമായുള്ള സജീ വസമ്പർക്കത്തിൽനിന്നു പിൻമാറാൻപോലും തയ്യാറായി; എന്നാൽ അപ്പപ്പോൾ പുറത്തുവന്നിരുന്ന വിചാരസേതു പതിപ്പുകളിൽ പൂജ്യ

സ്വാമിജി ഓരോ പ്രസ്ഥാനത്തെക്കുറിച്ചും വിശദമായി എഴുതിക്കൊണ്ടിരുന്നു.

എല്ലാ കാര്യങ്ങളിലും, വിശേഷിച്ചും ചട്ടവട്ടങ്ങളിൽ നിന്നുകൊണ്ട് പരിഷ്കരണങ്ങൾക്കു മുതിരുമ്പോൾ, അതു നിയമാനുസൃതവും സമാധാനപൂർവകവുമായ ജനാധിപത്യരീതികളിൽക്കൂടി വേണമെന്നു സ്വാമിജിയ്ക്കു നിർബന്ധമാണ്. സംന്യാസനിഷ്ഠയുടെ തീവ്രതയും പവിത്രതയും ധാർമികതയുംകൂടി പിന്തുണച്ചപ്പോൾ, നൂറ്റാണ്ടുകൾപഴക്കമുള്ള ആചാരങ്ങളെ പരിഷ്കരിയ്ക്കാൻ തക്കവണ്ണം ഈ പ്രസ്ഥാനങ്ങൾ ശക്തവും ഫലപ്രദവുമായി.

മതാചാരങ്ങളിൽ തക്ക പരിഷ്കാരം വരുത്തൽ, ജാതിവിവേചനം നിർത്തൽ, പരി:സ്ഥിതിസംരക്ഷണം, നിഷ്കരുണം കുന്നിടിച്ചുകൊണ്ടുപോകുന്നതു തടയൽ, ഏറ്റവും അടുത്ത കാലത്തായി ദേശീയമൂല്യങ്ങൾ പുന:സ്ഥാപിയ്ക്കാനുള്ള നീക്കങ്ങൾ, ഇതിലൊക്കെത്തന്നെ ധാർമികമൂല്യങ്ങളും ജനാധിപത്യസംസ്കാരവും അനുവർത്തിയ്ക്കയെന്ന തത്ത്വസിദ്ധാന്തമാണ് പൂജ്യസ്വാമിജി നയിയ്ക്കുന്ന പ്രസ്ഥാനങ്ങളുടെ വിശേഷത.

തുടർന്ന്, ഐതിഹാസികമായ എളവൂർ പുത്തൻകാവിലെ തൂക്കം നിർത്തിയ്ക്കാനും, ഗുരുവായൂർ ക്ഷേത്രത്തിലെ ജാതിവിവേചനം നീക്കാനും, കൊടുങ്ങല്ലൂർ ദേവീക്ഷേത്രത്തിൽ ഭരണിയ്ക്ക് അശ്ലീലപ്പാട്ട് വേണ്ടെന്നു വെപ്പിയ്ക്കാനും ധർമസിദ്ധാന്തങ്ങൾക്കുള്ളിൽനിന്നുകൊണ്ടാണ് പൂജ്യസ്വാമിജി ഓരോ നീക്കത്തിനും തുടക്കമിട്ടത്.

'ഭരണകൂടത്തിന്റെ വിശ്വാസം നേടിക്കൊണ്ട്' എന്ന തലക്കെട്ടിൽ 1989 മേയ് മാസത്തിലെ വിചാരസേതുവിൽ സ്വാമി നിർവിശേഷാനന്ദതീർഥജിയുടെ *എഡിറ്റോറിയലിൽ* ഇങ്ങനെ പരാമർശിയ്ക്കുന്നു:

"1983ൽ വിശ്വഹിന്ദുപരിഷത്തിന്റെ ആവർത്തിച്ചുള്ള അഭ്യർഥനയ്ക്കും, പുരുഷോത്തമസ്വാമിജിയുടെ സ്നേഹപൂർവമുള്ള നിർബന്ധങ്ങൾക്കും വഴങ്ങി സുപ്രസിദ്ധമായ 'ധർമരഥയാത്ര'യിൽ പങ്കെടുത്തുകൊണ്ടാണ് സ്വാമിജി തന്റെ അധ്യാത്മസാമൂഹ്യനടപടികൾ ആരംഭിച്ചത്.

"*അറസ്റ്റുകൾ, ലാത്തിച്ചാർജ്, ടിയർഗാസ്*, തുടങ്ങിയ പ്രയോഗങ്ങൾ, കല്ലേറ് മുതലായ അക്രമങ്ങൾ, സ്വാമിജിയുടെ മനസ്സിനെ വല്ലാതെ സ്പർശിച്ചു. സമാധാനപൂർവം അക്രമരഹിതമായി ഭരണകൂടത്തിന്റേയും നിർവാഹകരുടേയും വിശ്വാസംനേടിയും, ധാർമികമായ ആവശ്യങ്ങൾ അംഗീകരിയ്ക്കാൻ അവരെ നിർബന്ധിച്ചുംകൊണ്ടുള്ള ഒരു മാർഗദർശനത്തിനു രൂപംനല്കാൻ അതു സ്വാമിജിയെ നിർബന്ധിച്ചു.

"അഹിംസയും ആത്മബലവും അടിസ്ഥാനമാക്കിയുള്ള ഈ പുതിയ കർമപഥം, പുരുഷോത്തമസ്വാമിജിയുടേയും മറ്റുള്ളവരുടേയും സഹകരണത്തോടെ ഹിന്ദ് നവോത്ഥാന പ്രതിഷ്ഠാൻ (എച്ച്.എൻ.പി.) രൂപീകരിയ്ക്കാൻ വഴിതെളിയിച്ചു.



"എച്ച്.എൻ.പി. ഏറ്റെടുത്ത ഭരണഘടനാപരവും നിയമാനുസൃതവും പ്രബുദ്ധവും യുക്തിപൂർവവും എന്നാൽ ഭക്തിപരവുമായ അധ്യാത്മസാമൂഹ്യപ്രസ്ഥാനങ്ങളുടെ വിജയം, അതിന് എല്ലാ തുറകളിൽനിന്നും വിശേഷ അംഗീകാരവും അഭിനന്ദനവും നേടി.

"ഈശ്വരനാമം ഉരുവിട്ടുകൊണ്ട് ആത്മബലം ഉണർത്തിയും, തത്ത്വപ്രവചനത്തിലൂടെ ധാർമികബോധം ഉളവാക്കിയും, ശാസ്ത്രത്തിലും പവിത്രതയിലും ഉറച്ചുനിന്നുകൊണ്ടുമുള്ള ഓരോ കാൽവെപ്പും, ഈ പ്രസ്ഥാനങ്ങളെ ധാർമികവും ദേശീയവും ഭക്തിനിർഭരവും അതോടൊപ്പം സഫലവുമാക്കി.

"സ്വാമിജി നയിച്ച പ്രസ്ഥാനങ്ങളുടെ മുഖ്യവിശേഷത ആരംഭത്തിൽതന്നെ അദ്ദേഹം വ്യക്തമാക്കിയിരുന്നു. "ജനകീയഭരണകൂടത്തിനെതിരെ ഒരക്രമത്തിനും നാം തുനിയില്ല. ഭരണകൂടത്തിന്റെ വിശ്വാസം നേടി, നമ്മുടെ ലക്ഷ്യപ്രാപ്തിയ്ക്കായി അവരിൽ നിർബന്ധം ചെലുത്തുന്നതാണ് നമ്മുടെ മാർഗം."

സ്വാമിജിയുടെ 50 വർഷത്തെ സംന്യാസജീവിതത്തെക്കുറിച്ചു 2007 ജൂൺമാസം വിചാരസേതുവിൽ ഒരു പ്രത്യേകപതിപ്പ് പ്രസിദ്ധീകരിച്ചിരുന്നു. അതിൽ സ്വാമിജിയുടെ പ്രസ്ഥാനങ്ങളുടെ അധിഷ്ഠാനത്തെക്കുറിച്ചു നൂതൻസ്വാമിജി വിചിന്തനംചെയ്യുന്നുണ്ട്. ഒരു സംന്യാസിവര്യൻ ഏറ്റെടുക്കുന്ന ലോകസംഗ്രഹത്തിന്റെ, സമൂഹത്തെ മംഗളകരമായ പാതയിലേയ്ക്കു തിരിച്ചുകൊണ്ടുവരാനുള്ള പ്രയത്നത്തിന്റെ, സാരാംശമാണ് അത്.

**ആത്മനാ വിന്ദതേ വീര്യം**

........ക്ഷേത്രങ്ങളിൽ തുടർന്നുപോന്നിരുന്ന അധ:കൃതവും നിയമവിരുദ്ധവും ക്രൂരവുമായ ആചാരങ്ങളിൽനിന്നു സമൂഹത്തെ മോചിപ്പിയ്ക്കാൻ 1985ലാണ് ഈശ്വരനിശ്ചയമെന്നവണ്ണം പൂജ്യസ്വാമിജി ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്നത്. സ്ഥാപിതതത്പരരുടെ സഹായത്താലും ദുഷ്പ്രേരണയാലും ഈശ്വരനെച്ചൊല്ലി ഭക്തിയേക്കാളേറെ ഭയത്താലാണ് ഇത്തരം ആചാരങ്ങൾ നൂറ്റാണ്ടുകളായി നിലനിന്നിരുന്നത്. ധാർമികചിന്തകരുടേയും കേരളത്തിലെ പ്രധാന പത്രമാധ്യമങ്ങളുടേയും പ്രേരണയാലാണ് മതത്തിന്റെ പേരിലുള്ള ഇത്തരം ദുരാചാരങ്ങൾ നിഷ്കാസനംചെയ്യാനുള്ള ദൗത്യം സ്വാമിജിയും മറ്റു സംന്യാസിമാരും ഏറ്റെടുത്തത്. കേരളം കണ്ടതിൽവെച്ച് ഏറ്റവും വിശിഷ്ടവും പ്രധാനവുമായ മതസാമൂഹ്യ പ്രസ്ഥാനമായിരുന്നു ഇത്.

സാമൂഹ്യവും മതപരവുമായ പരിഷ്കരണത്തിനു സ്വാമിജിയുടെ പ്രവേശനം കേരളത്തിലെ പല ജനങ്ങളേയും അലസതയിൽനിന്ന് ഉണർത്തി. ചൂടുപിടിച്ച വിവാദങ്ങൾനിമിത്തം, സംവേദനക്ഷമരല്ലാത്തവർകൂടി ശരിതെറ്റുകളെക്കുറിച്ചു വിചിന്തനംചെയ്യാനും, ഉചിതമായ നിലപാടെടുക്കാനും നിർബന്ധിതരായി. വിവേകികളായ പലരും സ്വാമിജിയുടെ ചിന്തകളിലും പ്രവർത്തനങ്ങളിലും യുക്തിസഹമായ സത്യസന്ധത ദർശിച്ചു; എങ്കിലും അജ്ഞാതശക്തിയോടുള്ള ഭയത്താൽ പലരും മാറിനിന്നു. അക്കൂട്ടർ അദ്ദേഹത്തെ

'വിവാദസ്വാമി'യായി മുദ്രകുത്തി. ഉറച്ച ധീരതയോടും ആത്മബലത്തോടുംകൂടി പ്രവർത്തിയ്ക്കാനും സംസാരിയ്ക്കാനും സ്വാമിജിയെ പ്രചോദിപ്പിച്ചിരുന്നത് അദ്ദേഹത്തിന്റെ അതിവിശിഷ്ടമായ ആധ്യാത്മികനേട്ടമാണെന്നുള്ള വസ്തുത ഗ്രഹിയ്ക്കാൻ അധികം ജനങ്ങളും തത്പരരായിരുന്നില്ല.

സംന്യാസിമാർ സാമൂഹ്യപരിഷ്കരണങ്ങൾ ഏറ്റെടുക്കുമ്പോൾ അതു തികച്ചും വ്യത്യസ്തമാകും. വൈദികസംസ്കാരത്തിൽ ഉറച്ചുനിന്നുകൊണ്ട്, ധർമശാസ്ത്രത്തിന്റെ അചഞ്ചലപ്രവക്താവായി സമൂഹത്തെ പവിത്രമാക്കാനുള്ള മംഗളദൗത്യം സ്വാമിജി ആരംഭിച്ചതു വാസ്തവത്തിൽ ശക്തമായ ഒരു ചിന്താവിപ്ലവത്തിനാണ് തുടക്കംകുറിച്ചത്.

സ്വാമിജിയുടെ ഉദ്ബോധനങ്ങൾ വ്യക്തവും ശക്തവുമായിരുന്നു:

"1. ആരാധ്യയായ ദേവിയ്ക്ക് അശ്ലീലപ്പാട്ടുകൾ സമർപ്പിയ്ക്കുന്നതു ശരിയല്ല, ഇത് ഉടൻ നിർത്തുക.

"2. ഹരിജനങ്ങൾ സമർപ്പിയ്ക്കുന്ന പഞ്ചവാദ്യസേവ ഗുരുവായൂർ ഗോപാലകൃഷ്ണന് ഏറ്റവും സന്തോഷപ്രദമാകാതെ വയ്യ.

"3. 32 അടി ഉയരമുള്ള ചാടിൽനിന്ന് ഒരുഭക്തനെ മുതുതുളച്ചു രക്തമൊലിപ്പിച്ചുകൊണ്ട് തൂക്കിയിട്ടു ദേവിയെ പ്രദക്ഷിണം വെയ്ക്കുന്ന തൂക്കമെന്ന ക്രൂരവഴിപാട് എളവൂർ പുത്തൻകാവ് ഭഗവതിയെ വേദനിപ്പിയ്ക്കയേയുള്ളൂ."

ഈശ്വരീയതയുടെ പവിത്രോദ്ദേശങ്ങളും നിർമലഭക്തിയുടെ നിഷ്കളങ്കസിദ്ധാന്തങ്ങളും വിശദീകരിച്ചുകൊണ്ടുള്ള ഉദ്ഘോഷണങ്ങൾവഴി കാലപ്പഴക്കമുള്ള തെറ്റായ ആചാരങ്ങൾ സ്വാമിജി തിരുത്തിയെടുത്തു.

സ്വാമിജിയുടെ പ്രസ്ഥാനങ്ങൾ ഒരു ഭീഷണിയായിത്തോന്നിയ യാഥാസ്ഥിതികരിൽനിന്നു ശക്തമായ അമർഷം പുറപ്പെട്ടു; എന്നാൽ എതിർപ്പുകാരോടു നീരസമോ കോപമോ തോന്നാതെ സ്വാമിജി തന്റെ സവിശേഷവാത്സല്യത്തോടെയാണ് അവരെ സ്വീകരിച്ചത്: "ഉദ്ബുദ്ധരല്ലാത്ത അവർ കൂടുതൽസ്നേഹം അർഹിയ്ക്കുന്നു". എതിർക്കുന്നവരോടു സ്വാമിജി ഒരിയ്ക്കലും അസഹിഷ്ണുത പ്രകടമാക്കിയില്ല. സ്വാമിജി പറയാറുള്ളത്: "മാറ്റങ്ങളോടു സമാജത്തിനുള്ള ശക്തമായ എതിർപ്പ് ഒരു നല്ല സംരക്ഷണമാണ്. അല്ലാത്തപക്ഷം ക്ഷണികവും പൊള്ളയുമായ വിചാരഗതികളും, അവ വരുത്തുന്ന അപകടകരമായ മാറ്റങ്ങളും കാലപ്പഴക്കമുള്ള നമ്മുടെ സംസ്കാരത്തിന്റെ അടിസ്ഥാനഘടനയെത്തന്നെ നശിപ്പിയ്ക്കാൻ ഇടവന്നേയ്ക്കാം."

പലരും വിസ്മയിയ്ക്കും. ഇങ്ങനെ വ്യക്തവും നിർഭയവുമായി സംസാരിയ്ക്കാൻ സ്വാമിജിയ്ക്കു കഴിയുന്നതെങ്ങനെ? ഈശ്വരവിശ്വാസത്തിലുറച്ച, കാലപ്പഴക്കംചെന്ന, ആചാരങ്ങളെ ചോദ്യംചെയ്യുമ്പോൾ ഈശ്വരകോപത്തെയോർത്തു സ്വാമിജിയുടെ മനസ്സ് ഭയപ്പെടാറില്ലേ?



ഉത്തരം വളരെ ലളിതവും സ്പഷ്ടവുമാണ്; **ആത്മസാക്ഷാത്കാരവും തപോനിഷ്ഠയും ത്യാഗബുദ്ധിയും ചേരുമ്പോൾ ഉളവാകുന്ന ഉൾശക്തിയും ദാർഢ്യവും ലൗകികമോ ദൈവികമോ ആയ ഭയത്തിനു വിധേയമാകുന്നതല്ല.**

പൂജ്യസ്വാമിജിയുടെ വീക്ഷണങ്ങൾ വ്യക്തമാണ്: "ക്ഷേത്രങ്ങൾ കാലോചിതമല്ലാത്തതും മനുഷ്യത്വരഹിതവുമായ ആചാരങ്ങൾക്കു വിളനിലമായിക്കൂടാ. ഉദാത്തമായ സംസ്കാരത്തിന്റേയും സഭ്യതയുടേയും കേദാരമാക്കി, പൊതുവെ മറ്റിടങ്ങളിൽ കാണുന്ന ശിഷ്ടശീലങ്ങളെ അതിശയിയ്ക്കുംവിധമുള്ള ഉത്തമരീതികൾവേണം ദേവസന്നിധി നിലനിറുത്താൻ."

എന്നാലും രോഷാകുലരായ ചില വിഭാഗങ്ങൾ സ്വാമിജിയെ 'ക്ഷേത്രവിദ്വേഷിയായി' ചിത്രീകരിച്ച്, ക്ഷേത്രപരിസരത്തുകൂടി അനുവദിയ്ക്കരുതെന്ന ആഹ്വാനവുമായി *നോട്ടീസുകൾ* ഇറക്കി.

സ്വാമിജി ക്ഷേത്രവിരോധിയാണെങ്കിൽ, വളരെയധികം പണിപ്പെട്ട്, ഭീമമായ ചെലവുചെയ്ത്, അദ്ദേഹം ഇത്രയും ക്ഷേത്രങ്ങളുടെ പുനരുദ്ധാരണവും പുനർനിർമാണവും നടത്തുമായിരുന്നോ? ഈ ക്ഷേത്രങ്ങളുടെ നവീകരണം എത്ര ഭക്തിനിർഭരമായ ആചാരാനുഷ്ഠാനങ്ങളോടെ, അസാധാരണമായ ദിവ്യത്വം ചുറ്റും പ്രസരിപ്പിച്ചുകൊണ്ടാണ് നടന്നതെന്നോ!

പാണ്ഡവഗിരിയിൽ ഒരേക്രയോളം വരുന്ന തിരുമുറ്റമുണ്ടാക്കാൻ, 32 അടി ഉയരമുള്ള അതിബൃഹത്തായ മതിലും ക്ഷേത്രപുനർനിർമാണവും സ്വാമിജി ഏറ്റെടുക്കയും, വർഷങ്ങളോളം അക്ഷീണനായി ജോലിക്കാരോടൊപ്പം രാവിലെമുതൽ വൈകുന്നേരംവരെ പ്രവർത്തിച്ചു പൂർത്തീകരിയ്ക്കയും ചെയ്തു. ഏതു ക്ഷേത്രസ്നേഹിയും പ്രയാസമേറിയ ഈ കൃത്യത്തിൽനിന്നു പിൻമാറാതിരിക്കില്ല. ഈ അതിബൃഹത്സംരംഭം ആരംഭിയ്ക്കുംമുമ്പു വ്യത്യസ്ത നിരപ്പുകൾ ഞങ്ങൾ അളക്കുമ്പോൾ, ഞാൻ പറയുകയുണ്ടായി: "ഇത് അസാധ്യമായി തോന്നുന്നു. ശ്രീരാമനു സേതുബന്ധനം സാധിച്ചതുപോലെ ഒരുപക്ഷേ ഇതും നമുക്കു സാധ്യമായേയ്ക്കും."

ഭീമമായ ഉദ്യമങ്ങളിൽ ചെന്നുപെടാനുള്ള ധീരതയും സ്ഥൈര്യവും സ്വാമിജിയ്ക്ക് എങ്ങനെ ലഭിയ്ക്കുന്നു? **ആത്മനാ വിന്ദതേ വീര്യം** എന്നുമാത്രമാണ് ഇതിനുത്തരം. ആത്മാവാണ് ധീരതയുടെ ഉറവിടം. സ്വാമിജിയുടെ ബഹുമുഖലോകസംഗ്രഹത്തിന്റെ താക്കോൽ അദ്ദേഹത്തിന്റെ ആത്മസാക്ഷാത്കാരഗാഢതയിലും സംന്യാസപരിത്യജനതീവ്രതയിലുമാണ് നിലകൊള്ളുന്നത്. ഇതു സ്വാമിജിയിൽ നൈഷ്കർമ്യവും നിർഭോക്തൃത്വവും ഉളവാക്കി, സൃഷ്ടികർത്താവ് നിർവഹിയ്ക്കുമ്പോലെ എന്തും എല്ലാം സ്വാഭാവികതയോടെ ചെയ്യാൻ നിയുക്തനാക്കുന്നു."

ജയ് ഗുരു.

പരിഭാഷ– കുമാരിവേണുഗോപാൽ

## എളവൂർ തൂക്കം, ഒരു പ്രാകൃതവഴിപാട് (1987)

പാപപരിഹാരാർഥം ഒരു വ്യക്തിയുടെ മുതുകിൽ ഇരുമ്പുകൊളുത്തു കയറ്റി, 32 അടി ഉയരത്തിൽ തൂക്കുമരത്തട്ടിൽ ഉയർത്തി ക്ഷേത്ര ത്തിനുചുറ്റും 3 പ്രാവശ്യം പ്രദക്ഷിണം വെയ്ക്കുന്ന തൂക്കവഴി പാട്. വഴിപാടുകാരൻ പ്രതിഫലം നല്കി പകരക്കാരനെക്കൊണ്ട് ഇതു ചെയ്യിയ്ക്കുന്നു. പൂജ്യസ്വാമിജിയുടെ നേതൃത്വത്തിൽ, എള വൂർ പുത്തൻകാവ് ദേവീക്ഷേത്രത്തിൽ നിലനിന്നിരുന്ന ഈ പ്രാകൃ താചാരം, അശ്രാന്തനീക്കത്തിലൂടെ എച്ച്. എൻ. പി. നിർത്തലാക്കി.



32 അടി ഉയരമുള്ള തൂക്കുമരത്തിൽ തൂങ്ങുന്ന 'പകരക്കാരൻ'.

## എളവൂർ തൂക്കം (1987)



ഭഗവതിയ്ക്കായുള്ള പ്രാകൃതവഴിപാടുതടയൽനീക്കത്തിൽ, പോലീസ് പ്രതി ബന്ധത്തിനും സംരക്ഷണ അറസ്റ്റിനുമെതിരെ എളവൂർ പുത്തൻകാവ് ക്ഷേത്രത്തിനഭിമുഖമായി പൂജ്യസ്വാമിജിയും മറ്റു സംന്യാസിമാരും നമ സ്കരിയ്ക്കുന്നു.

## ഗുരുവായൂർ പഞ്ചവാദ്യസേവ (1988)

ക്ഷേത്രങ്ങളിൽനിന്നും മതവിവേചനം നീക്കംചെയ്യൽ

പ്രസിദ്ധമായ ഗുരുവായൂർ ക്ഷേത്രാങ്കണത്തിലെ പ്രഥമഹരിജനപഞ്ചവാദ്യസേവയ്ക്കു സാക്ഷ്യം വഹിയ്ക്കാനായി കേരളത്തിന്റെ വിവിധഭാഗങ്ങളിൽനിന്നെത്തിയ ആയിരത്തിലേറെ ഭക്തജനങ്ങൾ (23.7.88).



പഞ്ചവാദ്യക്കാരെ പ്രോത്സാഹിപ്പിച്ചുകൊണ്ട് പൂജ്യസ്വാമിജി ജനമധ്യത്തിൽ.

## കൊടുങ്ങല്ലൂർ ഭരണിയ്ക്കു തെറിപ്പാട്ടു പാടൽ (1989)

കൊടുങ്ങല്ലൂർ ഭഗവതീക്ഷേത്രത്തിലെ പരമ്പരാഗത ചടങ്ങുകളിൽ മാറ്റം വരുത്തുന്നത് എതിർക്കുമെന്നും, പൂജ്യസ്വാമിജിയും അനുയായികളും ഇടപെട്ടാൽ ചോരപ്പുഴ ഒഴുക്കുമെന്നും ദേവീഭക്തന്മാർ പ്രതിജ്ഞചെയ്തു.



ക്ഷേത്രത്തിനു ചുറ്റും ഓടുന്ന വെറിപിടിച്ച ഭക്തന്മാർ



പൂജ്യസ്വാമിജിയും അനുയായികളും സംരക്ഷണ *കസ്റ്റഡിയിൽ*

# എന്നുള്ളിലെ പട്ടവും ആകാശവിസ്തൃതിയും

[60-ാം പിറന്നാളിലെ വിചാരങ്ങൾ, 05 ഒക്ടോബർ 09]

-സ്വാമി നിർവിശേഷാനന്ദതീർഥ

**മദീയഹൃദയാകാശേ ചിദാനന്ദമയോ ഗുരുഃ**
**ഉദേതു സതതം സമ്യഗജ്ഞാനതിമിരാരുണഃ**

**ഹരിഃ ഓം തത് സത്.** ജയ് ഗുരു. ദീക്ഷാദിനമാണ് സാധാരണ സാധകന്റെ ജന്മദിനമായി കരുതേണ്ടത്. കാരണം, തന്റെ യഥാർഥവ്യക്തിത്വം സാക്ഷാത്കരിയ്ക്കാനുള്ള മാർഗത്തിലേയ്ക്കു നയിയ്ക്കുന്നതു ദീക്ഷയാണ്. പുതിയൊരു ജീവിതക്രമത്തിന്റെ തുടക്കം അഥവാ തനിയ്ക്കു സിദ്ധിച്ച ആത്മബോധത്തിന്റെ ജനനമെന്ന നിലയ്ക്ക്, ദീക്ഷവരുത്തുന്ന മാറ്റം മർമപ്രധാനമാണ്. അതിനാൽ ദേഹത്തിന്റെ ജന്മദിനത്തേക്കാൾ ദീക്ഷാദിനം ആചരിയ്ക്കുന്നതാകും ഉചിതം.

എന്റെ ജന്മദിനം ആചരിയ്ക്കുന്നതു ഞാൻ എന്നും നിരുത്സാഹപ്പെടുത്തിയിരുന്നു. ആശ്രമത്തിൽ പ്രത്യേകിച്ചും, പൂജ്യസ്വാമിജിയുടേതൊഴികെ ജന്മദിനങ്ങൾ ആചരിയ്ക്കേണ്ടതില്ലെന്നു ഞങ്ങൾ നിർബന്ധമായി വിചാരിച്ചിരുന്നു. പക്ഷേ തൃശ്ശൂരിൽനിന്നുള്ള ചില ഭക്തന്മാർ എന്റെ 60-ാംപിറന്നാൾ വളരെ ലളിതമായി ആചരിയ്ക്കാൻ പുലർച്ചെ എത്തും, പുഷ്പസമർപ്പണത്തിനും പ്രഭാതരശ്മിയ്ക്കും ശേഷം, ഞാൻ അവരോടു സംസാരിയ്ക്കണം എന്നു മറിഞ്ഞപ്പോൾ, എന്റെ വ്യക്തിത്വത്തിലെ അടിസ്ഥാനമായ ചില പൈതൃകസിരകളെക്കുറിച്ചു സംസാരിയ്ക്കാമെന്നു കരുതി.

ബാബാവും പൂജ്യസ്വാമിജിയും എന്റെ ജീവിതത്തെ എങ്ങനെ രൂപപ്പെടുത്തി സാഫല്യത്തിലെത്തിച്ചു എന്നതെക്കുറിച്ചു പറയുന്നതിനുപകരം, പൈതൃക സ്വാധീനത്താൽ എനിയ്ക്കു ലഭിച്ച ഗുണമൂല്യങ്ങളേയും വ്യക്തിത്വവിശേഷങ്ങളേയും കുറിച്ചു പറയാമെന്നാണ് വിചാരിയ്ക്കുന്നത്. ഈ പൈതൃകത്തിന് എനിയ്ക്കുള്ള കൃതജ്ഞത അച്ഛനമ്മമാരോടും അവരുടെ വംശപാരമ്പര്യത്തോടും, ഈ പുണ്യഭൂമിയിലെ സംസ്കാരത്തോടുമാണ്.

ആത്മസാക്ഷാത്കാരം അഥവാ പരമസത്യജ്ഞാനം എല്ലാ ജ്ഞാനികൾക്കും സാധകന്മാർക്കും സമാനമാണെങ്കിലും, സമ്പർക്കം, വ്യക്തിത്വവിശേഷതകൾ, ഗുണമൂല്യങ്ങൾ, എന്നിവയിൽ ഓരോജ്ഞാനിയും വ്യത്യസ്തനാകും. ഇതിനു മികച്ച ദൃഷ്ടാന്തം ശ്രീരാമകൃഷ്ണദേവനും സ്വാമി വിവേകാനന്ദനുംതന്നെ.

ആധ്യാത്മികതയിൽ ഇരുവരും മഹദ്വ്യക്തികളാണെന്നതിലും ഉപരി, അവർ യഥാക്രമം ഗുരുവും ഏറ്റവുമടുത്ത ശിഷ്യനുമായിരുന്നു. പക്ഷേ ജീവിതത്തിലും സമ്പർക്കങ്ങളിലും രണ്ടു



ധ്രുവങ്ങളാണ് അവരെന്നു പറയാം. വിവേകാനന്ദൻ ഗുരുവിന്റെ മാർഗനിർദേശങ്ങൾ അനുസരിയ്ക്കുന്നില്ലെന്നുപോലും സഹശിഷ്യന്മാർ കരുതിയിരുന്നുവത്രെ!

ആശകളകറ്റി മനസ്സേയും ബുദ്ധിയേയും സംശുദ്ധമാക്കി, ജ്ഞാനിയുടെ വ്യക്തിത്വത്തെ സ്വാഭാവികവും സുതാര്യവുമാക്കിത്തീർക്കുന്നതാണ് അധ്യാത്മസാധന. ജ്ഞാനി തന്റെ വ്യക്തിത്വത്തിനു ചേർന്നവിധം, ഭാവമൂല്യങ്ങൾക്കൊത്തു സമാജത്തിന്റേയും ചുറ്റുമുള്ളവരുടേയും ആവശ്യങ്ങൾ മുൻനിർത്തിയാണ് പ്രവർത്തിയ്ക്കുക. ഇതാണ് ജ്ഞാനികളുടെ ജീവിതവും പ്രവർത്തനരീതികളും വ്യത്യസ്തമാകാൻ കാരണം.

60 വർഷം ചെറിയ കാലയളവല്ല, അതിൽ എല്ലാം വിശദമായിട്ടല്ലെങ്കിലും, 56 ഉം എനിയ്ക്കു നന്നായി ഓർക്കാൻ കഴിയുന്നുണ്ട്. ചിന്തകൾക്കും സമ്പർക്കങ്ങൾക്കും പിന്നിൽ, എന്നിൽ സ്പഷ്ടവും അടിസ്ഥാനപരവുമായ ഒരു സ്ഥായീഭാവം നിലനിന്നിരുന്നുവെന്നതാണ് വ്യക്തമായ ഒരോർമ.

തിരിഞ്ഞുനോക്കുമ്പോൾ തോന്നുന്നു അത് ആകാശത്തിൽ പാറിക്കളിയ്ക്കുന്ന പട്ടംപോലെ ഒന്നായിരുന്നു. നിരവധി സംഭവങ്ങൾ നടന്നു, പലതും ഞാൻ ചെയ്തു. അതിൽ ചിലതൊക്കെ തീരെ വിചിത്രമോ സാഹസികമോ, ആരും സാധാരണഗതിയിൽ ചെയ്യാത്തതോ ആണ്. അതിലൊന്നും ഞാൻ അത്ര പ്രാധാന്യം കാണുന്നില്ല.

എല്ലാം സ്വപ്നംപോലെ, മനസ്സിൽ തങ്ങാതെ കടന്നുപോയ്ക്കൊണ്ടേയിരുന്നു. അതിനെല്ലാം പിന്നിൽ, എല്ലാറ്റിനേയും അതിജീവിച്ചു സ്പഷ്ടമായി മനസ്സിൽ നിന്നിരുന്നത് ആകാശവിസ്തൃതിയിലെ വെറുമൊരു പട്ടമെന്ന ഭാവമാണ്. പിന്തിരിഞ്ഞുനോക്കുമ്പോൾ, അത് എന്നിലെ പൈതൃകംവഴി ലഭിച്ച ആധ്യാത്മിക അടിയൊഴുക്ക് അഥവാ സ്ഥായീഭാവമാണെന്നേ പറയാൻ തോന്നുന്നുള്ളു, സഹജമായ വൈരാഗ്യമെന്നും പറയാം. മനസ്സ് ആരിലും ഒന്നിലും ഒട്ടിപ്പിടിയ്ക്കാതിരിയ്ക്കുന്ന ശീലം.

അല്പംമുമ്പു കേട്ടുകൊണ്ടിരുന്ന പ്രഭാതരശ്മിയിൽ (ഒക്ടോബർ 05നു പൂജ്യസ്വാമിജി ചെന്നൈയിൽ ആയിരുന്നു) എല്ലാറ്റിനും അധ്യാത്മഭാവം നല്കേണ്ടതെക്കുറിച്ചാണ് പൂജ്യസ്വാമിജി സംസാരിച്ചത്. ഇതൊന്നും അറിയാതെയാണെങ്കിലും, ഞാൻ ഒരുപക്ഷേ എന്നും ചെയ്തുപോന്നിരുന്നത് ഇതുതന്നെയാണ്. അതായിരുന്നു എന്റെ അടിസ്ഥാനഭാവം.

തുടക്കംമുതല്ക്കേ എനിയ്ക്ക് എന്തെങ്കിലും അഭിലാഷങ്ങൾ ഉണ്ടായിരുന്നതായി തോന്നുന്നില്ല, പ്രത്യേക ഉദ്ദേശങ്ങളുമില്ല. കെട്ടിടനിർമാണപ്രവൃത്തികളിൽ ഇടപെടുന്നതുകൊണ്ടാണ് ഞാൻ ഇങ്ങനെ ഓടിനടക്കുന്നതെന്നു മാ പലപ്പോഴും പറയാറുണ്ട്. ഈ

നിർമാണവൃത്തികൾ ഇല്ലായിരുന്നെങ്കിൽ ഞാൻ ഉറങ്ങി സമയം കഴിയ്ക്കുമായിരുന്നു! അപ്പോഴും ചിലർ താത്പര്യപ്പെടുന്നപോലെ ഞാൻ ചിലതൊക്കെ എഴുതാൻ പുറപ്പെടുമായിരുന്നില്ല. ഉറങ്ങുമായിരുന്നോ എന്ന് എനിയ്ക്കു പറയാനാവില്ല, പക്ഷേ എനിയ്ക്കു പ്രത്യേക ഉദ്ദേശ്യങ്ങളില്ലെന്നത് ഒരു വസ്തുതതന്നെ. ഇനിയൊരാളുടെ ലേഖനം സൂക്ഷ്മപരിശോധന ചെയ്യാൻ പ്രത്യേക പ്രേരണ ആവശ്യമില്ലല്ലോ. പുസ്തകമോ ആനുകാലികലേഖനമോ പ്രസിദ്ധീകരിയ്ക്കാൻ അത്തരം പരിശോധനയും ചിട്ടപ്പെടുത്തലും ആവശ്യമായി വരുന്നു എന്നു മാത്രം.

*സ്കൂൾകോളേജു*തലങ്ങളിലും പരീക്ഷയിൽ ശോഭിയ്ക്കണമെന്ന ആഗ്രഹമുണ്ടായിരുന്നില്ല. ഒരിയ്ക്കലും പരീക്ഷകളെ മുൻനിർത്തി ഞാൻ പഠിച്ചിട്ടില്ല. എല്ലാം അറിഞ്ഞിരുന്നിട്ടും, പരീക്ഷാലക്ഷ്യത്തോടെ പഠിയ്ക്കുക ശീലമില്ലാത്തതിനാൽ, പരീക്ഷയിൽ വേണ്ടത്ര മികവു പുലർത്തിയിരുന്നില്ലെന്നത് എനിയ്ക്കും അച്ഛനുമിടയിൽ നിരന്തരവാഗ്വാദത്തിന് ഇടവരുത്തിയിരുന്നു. എഴുതാൻ എനിയ്ക്ക് അത്ര വേഗത പോരാ. പരീക്ഷയിൽ ഉത്തരങ്ങൾ കുറേക്കൂടി സൂക്ഷ്മവും സംക്ഷിപ്തവും ക്രമബദ്ധവുമായി അവതരിപ്പിയ്ക്കാനുള്ള ശ്രമത്തിൽ എഴുതിക്കഴിഞ്ഞ ചിലതു മെച്ചപ്പെടുത്തി വീണ്ടും എഴുതുമായിരുന്നു. ഇക്കാരണത്താൽ, ആറു ചോദ്യങ്ങളിൽ നാലെണ്ണത്തിനുമാത്രം ഉത്തരമെഴുതി പരീക്ഷ അവസാനിപ്പിച്ചിരുന്നു!

സ്വയംപഠിയ്ക്കുന്ന രീതിയായിരുന്നു എന്റേത്, *സ്കൂളിലും കോളേജിലും* സർവകലാശാലാതലങ്ങളിലുമെല്ലാം ഏറ്റവും വിഷമമുള്ള പാഠ്യഭാഗങ്ങളിൽനിന്നുപോലും ഒന്നാംതരം *നോട്ടു*കൾ തയ്യാറാക്കുമായിരുന്നു; എന്റെ അടുത്ത സഹപാഠികളെ അവ പരീക്ഷയിൽ മികവുറ്റ പ്രകടനത്തിന് അത്യധികം സഹായിച്ചിട്ടുണ്ട്. ഇത് അവർ പറയാറും ഉണ്ടായിരുന്നു.

പരീക്ഷാലക്ഷ്യമില്ലാഞ്ഞതിനാൽ അതേ*നോട്ടു*കൾ എനിയ്ക്കു പ്രയോജനപ്പെട്ടേയില്ല. പരീക്ഷ എഴുതേണ്ടതിനാൽ അതിനു പോകും, എഴുതി തിരിച്ചുവരും, അത്രതന്നെ. സാമാന്യേന മികച്ച മാർക്കുംകിട്ടിയിരുന്നു.

എല്ലാം സ്വാഭാവികമായി ചെയ്യുന്നതിനാൽ, എന്തുകാര്യത്തിലും അനന്തതയിൽമഗ്നമായ ഒരനുഭൂതിയൊഴികെ ഒന്നും മനസ്സിൽ ആണ്ടുപതിഞ്ഞിരുന്നില്ല. പരമസത്യത്തെക്കുറിച്ചുള്ള നിരന്തരാന്വേഷണം നിലനിന്നുപോന്നു. എന്റെ ഓർമ ശരിയാണെങ്കിൽ, ഏതാണ്ട് 5വയസ്സുള്ളപ്പോൾത്തന്നെ ഈ അന്വേഷണമുണ്ട്. ഭൗതികസ്വത്തുക്കളോ ബന്ധങ്ങളോ എന്നിൽ കെട്ടുപാടുകൾ രചിച്ചിരുന്നില്ല.

ഈ അടിസ്ഥാനഭാവം, നിലയ്ക്കാത്ത ഈ അടിയൊഴുക്ക്, മൂലം ആന്തര വ്യക്തിത്വവുമായി ഇണങ്ങാത്തതോ, വികാസമോ ഉത്കൃഷ്ടതയോ നല്കാത്തതോ, ആയ ഒന്നും എന്നിൽ താത്പര്യം ഉണർ



ത്തിയിരുന്നില്ല. ഞാൻ വളരെ കുറച്ചേ വായിച്ചിട്ടുള്ളു. പുസ്തകങ്ങൾ ധാരാളമുണ്ടായിരുന്നു. പ്രശസ്തരായ പല ഗ്രന്ഥകാരന്മാരുടേയും രചനകൾ എന്റെ സഹോദരങ്ങളും സുഹൃത്തുക്കളും വായിച്ചിരുന്നു. അവയൊക്കെ വായിയ്ക്കാൻ ശ്രമിച്ചാൽത്തന്നെ, തുടക്കവും, അവിടവിടെയും,അവസാനവുമേ എനിയ്ക്കു വായിയ്ക്കാൻ കഴിഞ്ഞിരുന്നുള്ളു.

നല്ല താത്പര്യത്തോടെ വായിച്ചിട്ടുള്ള വളരെ കുറച്ചു പുസ്തകങ്ങളേ ഉള്ളു. അതിനൊക്കെ എന്നിലെ അടിസ്ഥാനഭാവവുമായി താദാത്മ്യം കാണുംതാനും. എനിയ്ക്കു വേണ്ടത്ര ഉൾപ്രേരണ നല്കിയവയാണവ. എന്റെ വ്യക്തിത്വവുമായി സാമഞ്ജസ്യമില്ലാത്തവയിൽ താത്പര്യം തോന്നിയിരുന്നില്ല. വളരെപ്പിന്നീട്, എനിയ്ക്കു ജനങ്ങളിലും, സമാജത്തിന്റെ അഥവാ ലോകത്തിന്റെ അടിസ്ഥാനപ്രേരകശക്തികൾ നിരീക്ഷിയ്ക്കുന്നതിലും താത്പര്യം ജനിച്ചപ്പോൾ, ഞാൻ ശുഷ്കാന്തിയോടെ പലതും വായിച്ചുതുടങ്ങി, പ്രത്യേകിച്ചും ദിനപ്പത്രം.

ഭൗതികശാസ്ത്രം പഠിച്ചുതുടങ്ങിയതോടെ ഞാൻ അതുമായി പ്രണയത്തിലായി. ഹാ, എന്തൊരനന്ദമായിരുന്നു അത്! ശാസ്ത്രപഠനത്തെക്കുറിച്ച് ആളുകൾക്കു പല തെറ്റിദ്ധാരണയുമുണ്ട്. ഭൗതികശാസ്ത്രപഠനം *(ഫിസിക്സ്)* എപ്പോഴും ഏകത്വവും വിനയവുമാണ് എന്നിൽ രചിച്ചത്. ആന്തരസാമഞ്ജസ്യത്തോടും, നാനാത്വത്തിലെ ഏകത്വമെന്ന ആശയത്തോടും ഇണക്കാനാവാത്ത ശാസ്ത്രവിഷയങ്ങൾ പഠിയ്ക്കാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. ഭൗതികശാസ്ത്രപഠനം എന്നെ സംബന്ധിച്ചു തികഞ്ഞ അധ്യാത്മസാധനതന്നെ. ഉൾവികാസവും വൈരാഗ്യവുംവഴി ഉളവാകുന്ന ആനന്ദമാണ് ഭൗതികശാസ്ത്രം എനിയ്ക്കു നല്കിയിരുന്നത്. ഇത് ആത്മാനന്ദത്തിൽനിന്നു ഭിന്നമല്ലെന്ന് ഇപ്പോൾ എനിയ്ക്കു പറയാനാവും.

അധ്യാത്മാനന്ദം ആന്തരവികാസത്തിന്റെ പരിണതഫലമാണ്. വാസ്തവത്തിൽ നാനാതരം ആനന്ദവും വിശ്വൈകസത്തയോടു നമ്മെ കൂടുതൽ അടുപ്പിയ്ക്കുന്ന ഉൾവികാസത്തിന്റെ സൃഷ്ടിതന്നെ. പ്രകൃതിയേയും നമ്മുടെ പ്രകൃതിവീക്ഷണത്തേയും മനസ്സിലാക്കണമെന്ന ഉദ്ദേശത്തോടെ പഠിച്ചാൽ, അഥവാ ഭൗതികശാസ്ത്രത്തിന്റെ അടിസ്ഥാനതത്ത്വങ്ങളെ നമ്മുടെ ജീവിതവീക്ഷണവുമായി സമന്വയിപ്പിയ്ക്കാൻ കഴിഞ്ഞാൽ, മനസ്സിൽ ഏകത്വവും നിഷ്പക്ഷതയും വളർന്നുതുടങ്ങും. വൈരാഗ്യത്തിന്റെ സാരം ഇതുതന്നെ.

അധ്യാത്മഗ്രന്ഥങ്ങളും ഞാൻ അത്രയധികം വായിച്ചിട്ടില്ല. മഹാത്മാക്കളുടെ നിഗൂഢമഹിമ വിവരിയ്ക്കുന്ന ഗ്രന്ഥങ്ങളോ, വേദാന്തതത്ത്വശാസ്ത്രത്തെക്കുറിച്ചുള്ള പണ്ഡിതവിശകലനങ്ങളോ വായിയ്ക്കാൻ കഴിഞ്ഞിട്ടില്ല. സാധനയുടെ സങ്കീർണത പ്രതിപാദിയ്ക്കുന്ന ലേഖനങ്ങളോ മഹാത്മാക്കളുടെ ഉത്കൃഷ്ടഗുണമൂല്യ

ങ്ങൾ മനസ്സിലാക്കാൻ പ്രചോദനം നല്കുന്ന മഹജ്ജീവിത കഥകളോ ആയിരുന്നു എനിയ്ക്കു താത്പര്യം.

എന്റെ വ്യക്തിത്വത്തിന്റെ ഇനിയൊരു വശംകൂടി പറയട്ടെ. എന്നിൽ എന്തെങ്കിലും അഭാവമോ, പോരാ എന്ന തോന്നലോ, തീരെ ഉണ്ടായിരുന്നില്ല. ലോകത്തിൽ സ്വാഭാവികമായി പല തിനേയും താണ്ടിവന്നുകൊണ്ടിരുന്ന മനസ്സ്, അതിനെല്ലാം അപ്പുറം എന്തോ ഒന്നിനെയാണ് ഉറ്റുനോക്കിയിരുന്നത്. ഭൗതികമോ വൈകാരികമോ ആയ ഒന്നും മനസ്സ് അഭിലഷിച്ചിരുന്നില്ല.

ആരോടും ഒന്നിനെച്ചൊല്ലിയും ഞാൻ കലഹിച്ചിട്ടില്ലാത്തത് ഒരഭാവബോധവും എനിക്കില്ലാത്തതിനാലാവാം. സഹപ്രവർത്തകരോ *ഹോസ്റ്റലിലെ* സഹവാസികളോമൂലം വിഷമങ്ങളും പീഡനം പോലും നിരവധി സന്ദർഭങ്ങളിൽ ഉണ്ടായിട്ടുണ്ട്. വിചിത്രവും രസകരവുമായ പല സംഭവങ്ങളും നടക്കയുണ്ടായി. അതൊക്കെ ഇനിയൊരിയ്ക്കൽ പറയാം. അതിലൊന്നും ബാധയോ ക്ഷോഭമോ ഇല്ലാതെ ഞാൻ കഴിഞ്ഞുപോന്നു, മറുത്തു പറയാതെ, പരിഹാരം തേടാതെ.

അതിനാലാണ് മനസ്സിന് ഏറ്റവും ഇഷ്ടപ്പെട്ട സംഗതികളെപ്പോലും വിട്ടുനീങ്ങാൻ കഴിഞ്ഞത്. ഞാൻ അത്യധികം താത്പര്യപൂർവം ചെയ്തിരുന്നതാണ് *ഫോട്ടോഗ്രാഫി*; എന്നാൽ അച്ഛന് ആരോ സമ്മാനിച്ച *വിൻടേജ് ക്യാമറ* ഉപയോഗിച്ചു മുന്നോട്ടു പോകാനാവില്ലെന്നു ബോധ്യമായതോടെ *ഫോട്ടോഗ്രാഫി* പാടെ ഉപേക്ഷിച്ചു. മെച്ചപ്പെട്ട ക്യാമറ വേണമെന്ന് അച്ഛനോടു പറഞ്ഞതുമില്ല.

*ഹോസ്റ്റലിൽ* താമസിയ്ക്കാൻ തുടങ്ങിയപ്പോൾ വളരെ താത്പര്യത്തോടെയാണ് തബല അഭ്യസിച്ചിരുന്നത്. ഒരാഴ്ചയ്ക്കുള്ളിൽ, ഒരു ദിവസം ആ വാദ്യോപകരണങ്ങൾ വരഞ്ഞുകീറി കേടുവരുത്തിയ നിലയിൽ കണ്ടു. വികൃതിസുഹൃത്തുക്കളുടെ കുസൃതിയായിരുന്നു അത്. അതോടെ എന്റെ സംഗീതോപാസനയും അവസാനിച്ചു. ആ ക്രൂരവിനോദം ആർ നടത്തിയെന്നു ഞാൻ അന്വേഷിച്ചതേ ഇല്ല.

വീട്ടിലെ ഏറ്റവുമിളയകുട്ടിയാണ് ഞാൻ, എല്ലാവർക്കും അരുമയായ സ്നേഹഭാജനം. അച്ഛനമ്മമാരോ സഹോദരങ്ങളോ എനിയ്ക്ക് ഇഷ്ടമില്ലാത്തതു പറകയോ ചെയ്കയോ ചെയ്താൽ, ഞാൻ വീട്ടിൽനിന്ന് ഇറങ്ങിപ്പൊയ്ക്കളയും. ഭക്ഷണസമയത്ത് എന്നെ കാണാതാവുമ്പോൾ, അടുത്തുള്ള കാട്ടിലോ കലുങ്കിലോ അന്വേഷിയ്ക്കാൻ അമ്മ ചേച്ചിമാരെ പറഞ്ഞയയ്ക്കും. ഞാൻ അവിടെ ഉണ്ടാവുമെന്ന് അമ്മയ്ക്കറിയാം. അവരെ കാണുമ്പോൾ ഞാൻ വളരെ ശാന്തനായി കൂടെപോയി ഭക്ഷണംകഴിയ്ക്കയും ചെയ്യും.

വൈകുന്നേരങ്ങളിൽ മിയ്ക്കവാറും ഞാൻ ശ്മശാനത്തിലോ ശവപ്പറമ്പിലോ, കുന്നിൻമുകളിലോ ചെന്നിരിയ്ക്കുക പതിവായിരുന്നു. *കോളേജിൽ* പഠിയ്ക്കുന്ന സമയത്തു ഞാൻ പലപ്രാവശ്യം



കടൽത്തീരത്തോ വനത്തിനുള്ളിലോ കുന്നിൻപ്രദേശത്തോ ഒക്കെ ചുറ്റിത്തിരിഞ്ഞിട്ടുണ്ട്. പ്രകൃതിയോടൊത്തു രസിയ്ക്കാനായതിനാൽ, തനിച്ചാണ് പോയിരുന്നത്.

ഞാൻ നിർത്തട്ടെ. ഇന്നു ദൈഹികജന്മദിനമായതിനാൽ ഭൗതികപൈതൃകംമാത്രം പരാമർശിയ്ക്കാമെന്നു കരുതി. അധ്യാത്മജീവിതത്തെക്കുറിച്ച്, പ്രത്യേകിച്ചു ദീക്ഷാനന്തരകാലത്തെപ്പറ്റി, ഒന്നും പറഞ്ഞില്ല. മാനത്തു പറക്കുന്ന പട്ടമെന്ന ഭാവത്തെപ്പറ്റി പറഞ്ഞുവല്ലോ. ഇതുസംബന്ധിച്ച പൂർണധാരണയും സ്പഷ്ടതയും ഉദിച്ചതു വാസ്തവത്തിൽ അധ്യാത്മദീക്ഷ ലഭിച്ചശേഷമാണ്.

ഏതാനും ദിവസങ്ങൾക്കുശേഷം, എനിയ്ക്ക് ഉണ്ടായിക്കൊണ്ടിരുന്ന ചില അധ്യാത്മാനുഭവങ്ങളെക്കുറിച്ചു ഞാൻ അയച്ച എഴുത്തിനു ബാബ തന്ന മറുപടി ഇതാണ് (ബംഗാളിയിൽനിന്നുള്ള വിവർത്തനം): "നദിക്കരയിലെ ജീവനില്ലാത്ത ബബൂൽമരംപോലെ വെറുതെ കണ്ടുനില്ക്കുക, സാക്ഷിയായിമാത്രം. അനേകം വഞ്ചികൾ കടന്നുപോകുന്നു, ചിലതിൽ വിവാഹസംഘമാകാം, ഇനി ചിലതിൽ മൃതശരീരവും. അരികിൽക്കൂടി കടന്നുപോകുന്ന ഒന്നിനോടും ബബൂൽമരം പ്രതികരിയ്ക്കുന്നില്ല, ഒന്നിലും ഇടപെടുന്നുമില്ല."

വളരെ വേഗംതന്നെ, പാറിക്കളിയ്ക്കുന്ന അനന്തത, ചുറ്റും തിങ്ങി സ്ഫുരിയ്ക്കുന്ന സത്യമായ അധ്യാത്മാനുഭവമായി പരിണമിച്ചു. 12 വർഷത്തിനുശേഷം നമ്മുടെ പൂജ്യസ്വാമിജിയുടെ സന്നിധിയായ ആശ്രമം ആദ്യമായി സന്ദർശിച്ചു ഖരഗ്പൂരിലെത്തിയപ്പോൾ, ഈ സാക്ഷീഭാവം എന്റെ വ്യക്തിത്വത്തെയാകെ മൂടിപ്പൊതിഞ്ഞിരുന്നു. ഞാൻ സ്വാമിജിയോടു പറയുകയുണ്ടായി: ''ഞാൻ ഇവിടെ (ഐ.ഐ.ടി. ഖരഗ്പൂരിൽ) എല്ലാം ചെയ്ത് ഓടിനടക്കുന്നുണ്ട്. പക്ഷേ ഇതെല്ലാം ചെയ്യുന്ന ശരീരം എന്റേതല്ലെന്നു തോന്നുന്നു." എല്ലാംവിട്ടു ഞങ്ങൾ ആശ്രമത്തിലെത്തി കുറെക്കൂടി കഴിഞ്ഞശേഷമാണ്, ഈ അടിസ്ഥാനഭാവത്തെക്കുറിച്ചുള്ള സമ്പൂർണധാരണയും സമന്വയവും കൈവന്നത്. **ആകാശവിസ്തൃതിയിൽ പാറുന്ന പട്ടം ആകാശം തന്നെയാകാൻ സമയമെടുക്കും.**

**ഹരിഃ ഓം തത് സത്.**

ജയ് ഗുരു.

പരിഭാഷ – സുമംഗലജാതവേദൻ

അധ്യാത്മസാധനയുടേയും ജ്ഞാനത്തിന്റേയും മാർഗത്തിൽ ഗുരുവിനോട് അടുത്തു ബന്ധപ്പെടുന്നത് അത്യാവശ്യമാണ്. ഗുരുസംഗംകൊണ്ട് കൈവരുന്ന ധന്യത വിശിഷ്ടവും ശ്രേയസ്കരവുമത്രെ.

# ചെന്നൈ നാലാം വാർഷിക ജ്ഞാനയജ്ഞം

– മാല, രമ നടരാജൻ

പൂജ്യസ്വാമിജി ചെന്നൈയിൽ എത്തുന്നതിനുമുമ്പുള്ള ഏതാനും ദിവസങ്ങളിൽ, ഭക്തരെല്ലാം കുറഞ്ഞൊന്ന് ഉത്കണ്ഠാകുലരായി. കാരണം, ഡൽഹി ജ്ഞാനയജ്ഞത്തിനു പോകുംമുമ്പു പ്രധാനപ്പെട്ട ചില ജോലികൾ ചെയ്തുതീർക്കാൻ നൂതൻസ്വാമിജിയ്ക്ക് ആശ്രമത്തിൽ ഇരിയ്ക്കേണ്ടിവന്നതുതന്നെ. പെട്ടെന്നുണ്ടായ ആരോഗ്യക്കുറവിനാൽ മാജി യാത്രചെയ്യരുതെന്നു ഡോക്ടർമാർ വിധിച്ചതു ഞങ്ങളെ ഒന്നുകൂടി പരിഭ്രമിപ്പിച്ചു. എങ്കിലും പൂജ്യസ്വാമിജിയുടെ പാദങ്ങളെ മനസ്സിൽ നിർത്തിക്കൊണ്ട് യജ്ഞത്തിനുവേണ്ട ഒരുക്കങ്ങളെല്ലാം തുടർന്നു.

കഴിഞ്ഞ 3 കൊല്ലങ്ങളിലെന്നപോലെ ഇക്കൊല്ലവും പൂജ്യസ്വാമിജിയ്ക്ക് ആതിഥ്യംവഹിച്ചതു ശ്രീമതി ഗായത്രിയും ശ്രീ ബാലസുബ്രഹ്മണ്യവുമാണ്. സ്വാമിജിയ്ക്കുള്ള താമസസൗകര്യം തയ്യാറാക്കിയതോടെ, മനസ്സിനു പ്രസന്നത ഏകിക്കൊണ്ട് ആശ്രമാന്തരീക്ഷത്തിനു യോജിയ്ക്കുംവിധം ഗൃഹത്തിനു മംഗളകരമായ പരിവേഷം വന്നു.

തൃശ്ശൂരിൽനിന്നു പൂജ്യസ്വാമിജി, ശ്രീധർജിയോടും ബ്രഹ്മചാരിണി വിനയാജിയോടുംകൂടി ഒക്ടോബർ 1ന് എത്തി. രാമസ്വാമിജി തലേദിവസംതന്നെ വന്നിരുന്നു. സ്വാമിജിയെ പൂർണകുംഭവും വേദജപവുമായാണ് വാസസ്ഥലത്തേയ്ക്ക് ആനയിച്ചത്.

സ്വാമിജിയുമായി അടുത്തുപഴകത്തക്കവിധം പൂർവാഹ്നങ്ങളിൽ ഉണ്ടായിരുന്ന ഹാർദമായ സത്സംഗങ്ങളിൽ ഭക്തരുടെ സന്തോഷവും ആനന്ദവും ഭജനഗാനങ്ങളിലൂടെ പ്രകടമായി. ഭക്തന്മാരുടെ സംശയങ്ങൾ സ്വാമിജിയും സാനന്ദം തീർത്തുകൊടുത്തു. ഇടക്കിടയ്ക്കു തമിഴിലും സംസാരിച്ചുകൊണ്ട്, മനസ്സിന്റെ സൗന്ദര്യവും ശക്തിയും വെളിപ്പെടുത്തിയ വിശദീകരണങ്ങൾ ശ്രോതാക്കളെ ഉദ്ബുദ്ധരുമാക്കി.

പ്രാർഥനയുടെ ശരിയായ അർഥവും പ്രസക്തിയും വിവരിച്ചുകൊണ്ട് സ്വാമിജി നല്കിയ വിവരണങ്ങൾ, പ്രായമായവരിലും ചെറുപ്പക്കാരിലും ഒരുപോലെ തെളിച്ചവും ആവേശവും ഉളവാക്കി. സ്വാമിജിയുടെ സങ്കല്പത്താലും ദർശനത്താലും പവിത്രമാക്കപ്പെട്ട ഭക്തിഭോജനത്തിൽ ഭക്തന്മാരെല്ലാം പങ്കെടുത്തതോടെ പൂർവാഹ്നസത്സംഗം സമാപിച്ചു.

*യൂണിവേഴ്സൽ കോൺസെപ്റ്റ്സ് ഇൻ ഭഗവദ്ഗീത* എന്ന വിഷയമായിരുന്നു ഒക്ടോബർ 2 മുതൽ 4കൂടി ശ്രീമതി ശിവഗാമി പെറ്റാച്ചി ഓഡിറ്റോറിയത്തിൽ നടന്ന ത്രിദിനതത്ത്വപ്രവചനപരമ്പ



രയ്ക്ക് ആസ്പദം. 500 ലേറെപ്പേർ തിങ്ങിനിറഞ്ഞ സദസ്സായിരുന്നു അവിടെ. പ്രതീക്ഷിച്ചതിലേറെ വന്ന ശ്രോതാക്കൾക്കായി സേവകന്മാർ കൂടുതൽ കസേരകൾ ഇട്ടുകൊടുത്തു. ലളിതമായ പുഷ്പാലങ്കാരത്തിൽ വേദി പവിത്രവും ആകർഷകവുമായി. പൂജ്യസ്വാമിജി ശ്രോതൃമനസ്സിൽ പ്രോജ്ജ്വലിപ്പിച്ച ജ്ഞാനപ്രകാശം നിസ്തുലംതന്നെ. ഒപ്പം ജ്വലിയ്ക്കാൻ അവിടെ കൊളുത്തിവെച്ചിരുന്ന വലിയ നിലവിളക്കും ശ്രമിയ്ക്കയുണ്ടായി!

ആദ്യദിവസം പൂജ്യസ്വാമിജിയുടെ രണ്ടു പുതിയ പുസ്തകങ്ങൾ പ്രകാശനംചെയ്തു. *എസെൻഷ്യൽ കോൺസെപ്റ്റ്സ് ഇൻ ഭഗവദ്ഗീത* – വോള്യം 3 ആദ്യപതിപ്പ് മുഖ്യാതിഥി *റിട്ട. ഡി.ജി.പി.* ശ്രീ. സി. എൻ. രാമകൃഷ്ണനും, *ഡ്രോപ്സ് ഓഫ് നെക്റ്റർ* എന്ന പുസ്തകത്തിന്റേതു മുൻ ചീഫ് വിജിലൻസ് കമ്മീഷണർ ശ്രീ. എൻ. വിറ്റലിനുമാണ് പൂജ്യസ്വാമിജി നല്കിയത്.

**ഓംകാര**പ്രാധാന്യം വിവരിച്ചുകൊണ്ട് പൂജ്യസ്വാമിജി ആഹ്വാനംചെയ്തതനുസരിച്ച് എല്ലാവരും ഭക്തിസാന്ദ്രമായി സ്വാമിജിയോടൊപ്പം കൂട്ടമായി **ഓംകാരം** മൂന്നുതവണ ജപിച്ചതോടെ അന്തരീക്ഷം സ്പന്ദമാനമായി. ആത്മാവിന്റെ അനശ്വരതയെ വിശദീകരിച്ചു സ്വാമിജി നടത്തിയ തത്ത്വപ്രവചനം സദസ്യരെ എന്തെന്നില്ലാതെ സ്വാധീനിച്ചു.

മനുഷ്യമനസ്സിന്റേയും ബുദ്ധിയുടേയും ഉള്ളാഴങ്ങളിലേയ്ക്കാണ് പിന്നീടു പ്രവേശിച്ചത്. “മനസ്സിന്റെ പക്കലുള്ള ഒരുപകരണംമാത്രമാണ് ദേഹ”മെന്നു സ്വാമിജി ഇടിമുഴക്കസമം ഉദ്ഘോഷിച്ചു. **ബുദ്ധിയ്ക്കുമാത്രമേ മനസ്സിൽ സ്വാധീനം ചെലുത്താനാകൂ. ഏതു ചിന്തയേയും സംലയിപ്പിയ്ക്കാനുള്ള കഴിവ് മനസ്സിനുണ്ട്.**”

രണ്ടാംദിവസം ശ്രീമതി ഗായത്രിയും സംഘവും അവതരിപ്പിച്ച ഭക്തി ഗാനാലാപമുണ്ടായി.

മനസ്സിനേയും ബുദ്ധിയേയും അഹങ്കാരത്തേയും സംശുദ്ധവും ഉത്കൃഷ്ടവും വിശാലവുമാക്കുംവിധം സമ്പർക്കങ്ങൾ നടത്തുന്നതെങ്ങനെയെന്നാണ് പൂജ്യസ്വാമിജി അവതരിപ്പിച്ച സമ്പർക്കസാധനയുടെ ഉള്ളടക്കം.

എല്ലാ സമ്പർക്കവ്യവഹാരങ്ങളും സുഖദുഃഖങ്ങൾമാത്രമാണ് രചിയ്ക്കുന്നതെന്നു ഭഗവദ്ഗീതയിലെ വിവിധശ്ലോകങ്ങൾ ഉദ്ധരിച്ചുകൊണ്ട് സ്വാമിജി പറഞ്ഞു. “**തിതിക്ഷ, സഹനശീലം, വളർത്തു. സുഖദുഃഖങ്ങൾ വന്നുപോകുന്നതാകയാൽ അവ നശ്വരങ്ങളാണെന്നു മനസ്സിലാക്കൂ. ഈ അറിവും, അതിൽനിന്നുളവാകുന്ന സമീകരണവും സുഖദുഃഖങ്ങളുടെ സ്വാധീനത്തെ കുറച്ചുകൊണ്ടുവരും. പക്ഷപാതം, വിദ്വേഷം, അതു തൊടുക്കുന്ന പ്രത്യേകംചായ്‌വുകൾ, ഇതൊക്കെ മനസ്സിൽനിന്നു തുട**

**ച്ചുമാറ്റൂ. ആത്മപരിശോധനയിലൂടെ ശരിയായ ധാരണയിലെത്തൂ.**" സ്വാമിജി പറഞ്ഞു.

എല്ലാ പ്രവൃത്തികളും വ്യത്യാസമനോഭാവമില്ലാതെ അമിതമായ ഉടമസ്ഥബോധവും സംഗവും വിട്ട് അങ്ങേയറ്റം നന്നായി നിർവഹിയ്ക്കണമെന്നു സ്വാമിജി ഉദ്ബോധിപ്പിച്ചു. "സമാജത്തിന്റെ നന്മയെ മുൻനിർത്തിവേണം എന്തു പ്രവൃത്തിയുംചെയ്യാൻ. ആകാശസമം ഉൾവ്യാപ്തി നിങ്ങൾക്കുണ്ടാകട്ടെ.

"വിശാലപ്രപഞ്ചവുമായി നാമെല്ലാം ബന്ധപ്പെട്ടിരിയ്ക്കുന്നു. സമ്പർക്കസാധനയ്ക്കു ശക്തി പകരുന്നതാണ് ധ്യാനം. ഇതിലൂടെ സ്വന്തം മനസ്സിന്റെ സ്വഭാവത്തെക്കുറിച്ചു നിങ്ങൾക്കു ഗ്രഹിയ്ക്കാനും വിലയിരുത്താനുമാകും. ഇതു മനസ്സിനെ കൂടുതൽ ഊർജസ്വലമാക്കും" സ്വാമിജി വിശദീകരിച്ചു.

മൂന്നാംദിവസം സമാപനദിനത്തിൽ സ്വാമിജി പ്രസ്താവിച്ചു: "ഓരോന്നിനേയും ഭേദഭാവത്തോടെ വീക്ഷിയ്ക്കുന്നതാണ് പാപം. എങ്ങും നിറഞ്ഞ ഈശ്വരസാന്നിധ്യത്തെ വേറിടുത്താതിരിയ്ക്കുക, എല്ലായ്പ്പോഴും ഏകചിന്തനം പോഷിപ്പിയ്ക്കുക," ശ്രോതാക്കൾക്ക് ഉറപ്പുനല്കിക്കൊണ്ട് സ്വാമിജി സ്പഷ്ടമാക്കി.

ഈശ്വരനുമായുള്ള ഇണക്കം, ചേർച്ച, ആരേയും ശ്രേഷ്ഠനാക്കുന്നു. ഏഴാംഅധ്യായത്തിൽനിന്ന് ഉദ്ധരിച്ചുകൊണ്ട് സ്വാമിജി വിശദമാക്കി, "**എല്ലാം ഭഗവാന്നായി സമർപ്പിയ്ക്കണം. ഭക്തി അഭ്യസിയ്ക്കയല്ല ഭക്തനായിത്തീരുകയാണ് വേണ്ടത്. ഭക്തത്വം നിങ്ങളുടെ വ്യക്തിത്വത്തിൽ തെളിഞ്ഞുപ്രകടമാകണം. ഒരേയൊരീശ്വരനിൽ അഭയം തേടൂ, അനേകത്വത്തിനു പകരം ഏകത്വത്തെ തിരയൂ.**"

തത്ത്വപ്രവചനത്തിനുശേഷം ശ്രോതാക്കൾ സ്വാമിജിയെ നമസ്കരിച്ചു, ജ്ഞാനപ്രസാദമായ മോക്ഷസാധന സ്വാമിജിയിൽനിന്നു സ്വീകരിച്ച്, വിശദീകരണവും കേട്ടു.

സി.ഐ.ആർ.ഡി. ചെന്നൈ ഒക്ടോബർ 4നു രാവിലെ മഹാലക്ഷ്മി *ഹാളിൽ* സമ്പർക്ക സത്സംഗം സംഘടിപ്പിച്ചതിൽ ധാരാളം ജിജ്ഞാസുക്കൾ ഒത്തുകൂടി. ഈ അവസരത്തിൽ സംശയങ്ങളുന്നയിച്ച എല്ലാവർക്കും പൂജ്യസ്വാമിജിയിൽ നിന്നു വളരെ വ്യക്തവും ആലോചനാവഹവുമായ മറുപടികൾ ലഭിച്ചു. സത്സംഗത്തിനുശേഷം സ്വാമിജിയിൽനിന്നു പ്രസാദം സ്വീകരിച്ച് അനുഗൃഹീതരായി ഏവരും ഭക്തിഭോജനം കഴിച്ചു മടങ്ങി.

ഈ തിരക്കുകൾക്കിടയിലും പൂജ്യസ്വാമിജി, ചെന്നൈ സി.ഐ.ആർ.ഡി. സ്ഥാപിയ്ക്കാൻ അനുയോജ്യമായ ചില സ്ഥലങ്ങൾ സന്ദർശിച്ചു. സമഞ്ജസമായ ഒന്നിനുള്ള ശ്രമം ഞങ്ങൾ തുടരുകയാണ്.



22 വർഷങ്ങളായി എല്ലാ യാത്രകളിലും തന്നെ അനുഗമിച്ചിരുന്ന നൂതൻസ്വാമിജിയുടേയോ മാജിയുടേയോ അഭാവം സ്വാമിജിയ്ക്ക് അനുഭവപ്പെട്ടിട്ടുണ്ടാകാം. ഭക്തന്മാർക്ക് ഈ അസാന്നിധ്യം അതിയായി തോന്നിയെങ്കിലും, വാസ്തവത്തിൽ ഞങ്ങളുടെ മനസ്സിൽ അവർ കൂടുതൽ നിറഞ്ഞുനില്ക്കയായിരുന്നു. നിർദിഷ്ട അവസരങ്ങളിലെല്ലാം നൂതൻസ്വാമിജിയും മാജിയും എത്രമാത്രം മാർഗനിർദേശം നല്കിയിട്ടുണ്ടായിരിയ്ക്കുമെന്ന സ്മരണയോടെ വളരെ ഉണർവോടും ജാഗ്രതയോടുംകൂടി ഞങ്ങൾക്കു പ്രവർത്തിയ്ക്കാൻ കഴിഞ്ഞു.

ചെറിയ അധ്യാത്മകുടുംബമായ ചെന്നൈ സി.ഐ.ആർ.ഡി. യിലെ അംഗങ്ങളായ ഞങ്ങൾക്ക് ഇക്കൊല്ലം കൂടുതൽ കൂട്ടായ്മയോടെ പ്രവർത്തിയ്ക്കാൻ സാധിച്ചെന്നു തോന്നി. ജ്ഞാനയജ്ഞം സംഘടിപ്പിയ്ക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും മുൻവർഷങ്ങളിൽനിന്നു ലഭിച്ച അനുഭവസമ്പത്തു വളരെയധികം സഹായമായിട്ടുണ്ട്. ഒക്ടോബർ 5 ഞങ്ങൾക്കു വാർഷികജ്ഞാനയജ്ഞത്തിന്റെ പരിസമാപനമായല്ല, വരാനിരിയ്ക്കുന്ന അടുത്തതിന്റെ തയ്യാറെടുപ്പിനു കാത്തിരിയ്ക്കുന്നതിന്റെ തുടക്കമായാണ് അനുഭവപ്പെട്ടത്.

ജയ് ഗുരു.

പരിഭാഷ - ശിഷ്യന്മാർ

ഭഗവാനെ പൂർണാശ്രയഭാവത്തോടെ ശരണംപ്രാപിയ്ക്കുന്നവർക്ക്, ആ ഭാവസമ്പന്നതയത്രേ പരമസാഫല്യം, സർവാഭീഷ്ടസിദ്ധി. സ്വന്തം ഉള്ളിലും ചുറ്റും തിങ്ങിനില്ക്കുന്ന പരമസാന്നിധ്യത്തെ തേടുന്നതു മനസ്സുതന്നെയാണ്. തിരച്ചിൽ ആന്തരമാണ്, തിരയുന്നതും ആന്തരസാന്നിധ്യത്തെതന്നെ, ഉള്ളിൽനിന്നാണ് ഈ ഉൾനിറവുണ്ടാകേണ്ടതും. ധ്യാതാവ്, ധ്യാനം, ധ്യേയം എന്ന വിഭജനം തന്നെ ഇല്ലാതാകണം. അതോടെ തേടലും തിരയലും സംശയസന്ദിഗ്ധങ്ങളുമൊക്കെ സമുദ്രത്തിലെത്തിയ നദികളെപ്പോലെ അലിഞ്ഞില്ലാതാകുന്നു. ഇത്രയും പറഞ്ഞാൽ പോരേ, ഭക്തിയ്ക്കും ജ്ഞാനത്തിനും വൈരാഗ്യത്തിനുമുള്ള താക്കോൽ എവിടെയാണ്, എങ്ങനെ പ്രയോഗിയ്ക്കണം എന്നറിയാൻ!